# നവ

# കായിക കേരളം

## മികവിന്റെ പുതുട്രാക്കിൽ

**2025 നവംബർ 2, 3**

**റോസ് ലോഞ്ച്, മലപ്പുറം**

## സംസ്ഥാനതല സെമിനാർ

# സമീപനരേഖ റിപ്പോർട്ട്



## 'നവ കായികകേരളം: മുന്നേറ്റത്തിന്റെ പുതുഅധ്യായം'

### (നവകായികകേരള വളർച്ചയുടെ ഭാവിവികസനലക്ഷ്യങ്ങൾ)
### സംസ്ഥാനതല സെമിനാർ

കേരളസംസ്ഥാനം രൂപീകൃതമായിട്ട് 2031ഓടെ 75ആണ്ട് പൂർത്തിയാവുകയാണ്. നാടിന്റെ സുസ്ഥിരവികസനം ലക്ഷ്യമിട്ട് ഒട്ടേറെ മികവാർന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് വിവിധ മേഖലകളിൽ നടന്നുവരികയാണ്. ആധുനികസാങ്കേതികവിദ്യയുടെ സഹായങ്ങൾ പ്രയോജനപ്പെടുത്തി വികസിത രാഷ്ട്രങ്ങളിലെ മികച്ച മാതൃകകൾ കണക്കിലെടുത്ത് പുരോഗമനചിന്തകൾക്ക് അവസരംഒരുക്കിക്കൊണ്ട് കേരളത്തെ ഏറ്റവും മികച്ച വികസിത ജ്ഞാനസമൂഹമാക്കി മാറ്റുക എന്നതാണ് വിഷൻ 2031 പദ്ധതിയുടെ അടിസ്ഥാനലക്ഷ്യം. വിഷൻ 2031 പദ്ധതി സാർത്ഥകമാകണമെങ്കിൽ കേരളത്തിന്റെ വിവിധമേഖലകളിലെ ഇതുവരെയുള്ള വളർച്ച സൂക്ഷ്മമായി വിലയിരുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ സമഗ്ര വിലയിരുത്തലിലൂടെ മാത്രമേ ഭാവിയിലേക്കുള്ള വികസനപാത രൂപപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ഇതിനായി വിവിധവിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി വിദഗ്ധരെ ഉൾപ്പെടുത്തി സെമിനാറുകൾ സംഘടിപ്പിക്കുകയാണ്.

### സെമിനാറുകളുടെ പൊതുലക്ഷ്യങ്ങൾ

- വികസിതരാജ്യങ്ങളോട് കിടപിടിക്കുന്ന ജീവിതസാഹചര്യങ്ങളുള്ള ഒരു നാടായി കേരളത്തെ വളർത്തിയെടുക്കുക
- കേരളത്തിന്റെ മുൻകാല വളർച്ച സമഗ്രമായി വിലയിരുത്തുക
- കേരളത്തിന്റെ ഭാവിവികസനത്തിനായുള്ള ലക്ഷ്യങ്ങൾ രൂപപ്പെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യുക

ഈ സെമിനാറുകളിൽ നിന്നുള്ള ആശയങ്ങൾ ക്രോഡീകരിച്ച് 2026 ജനുവരിയിൽ സംസ്ഥാനതലത്തിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വിപുലമായ സെമിനാർ സംഘടിപ്പിക്കുന്നതാണ്.

കേരളത്തിന്റെ കായികപാരമ്പര്യം ലോകമെങ്ങും ശ്രദ്ധിക്കപ്പെട്ടതാണ്. ഈ പശ്ചാത്തലത്തിൽ, 2031-ഓടെ ദേശീയ-അന്തർദേശീയ കായിക ഭൂപടത്തിൽ സംസ്ഥാനത്തെ മുൻനിരയിലെത്തിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് 'വിഷൻ 2031' എന്ന സമഗ്ര കർമ്മപദ്ധതിക്ക് രൂപംനൽകുന്നത്. **'വിഷൻ 2031 - കായികകേരളം മികവിന്റെ പുതുട്ടാക്കിൽ'** എന്ന കായികമേഖല വികസന നവോത്ഥാനപദ്ധതിപ്രകാരം കായികരംഗത്തെ പ്രവർത്തനങ്ങൾ, നൂതനസാധ്യതകൾ എന്നിവ സംബന്ധിച്ചുള്ള വിപുലമായ ചർച്ചകൾക്കും പ്രവർത്തനങ്ങൾക്കും അവസരം ഒരുങ്ങുകയാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിന് സുസ്ഥിരമായ കായിക വികസനത്തിനും (Sustainable Sports Development) കായികതാരങ്ങളുടെ ആരോഗ്യ സുരക്ഷിതത്വത്തിനും പരമമായ പ്രാധാന്യം നൽകേണ്ടതുണ്ട്. കായികമേഖലയിലെ വികസനം ഒരു ഒറ്റപ്പെട്ട പ്രക്രിയയായി കാണാതെ; വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തികവളർച്ച എന്നിവയുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്രസമീപനം (Holistic Approach) സ്വീകരിക്കണം.

വിഷൻ 2031 പദ്ധതി വിഭാവനംചെയ്യുന്ന കായികപ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവയാണ്;

- ഒളിമ്പിക്സ് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര കായിക മത്സര രംഗത്ത് മികവ് പുലർത്താൻ വേണ്ടിയുള്ള നിരന്തര പരിശ്രമങ്ങൾ നടത്തുക

- നീതിയുക്തവും സുരക്ഷിതവും സുതാര്യവും അഴിമതിരഹിതവുമായ ഒരു കായികമേഖല കെട്ടിപ്പടുക്കുക

## കേരളത്തിന്റെ കായികരംഗത്തെ പരിഗണനാമേഖലകൾ:

- ആധുനിക സ്പോർട്സ് സയൻസ് രംഗത്തെ നൂതനമായ ഗവേഷണപ്രവർത്തനങ്ങൾ ഏറ്റെടുക്കുക
- സാമ്പത്തിക നിക്ഷേപങ്ങൾ സ്വരൂപിക്കൽ, ആഗോള കായികപരിപാടികളുടെ സംഘാടനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സമകാലികഭരണഘടനയിൽ വേരൂന്നി ഘട്ടംഘട്ടമായി അഭിവൃദ്ധിപ്രാപിക്കുന്ന കായികവിനോദവ്യവസായവും കായിക സമ്പദ്ഘടനയും വികസിപ്പിക്കുക
- പൊതുജനങ്ങൾക്കിടയിൽ മെച്ചപ്പെട്ട കായികസാക്ഷരത ഉറപ്പുവരുത്തുക
- സജീവ കമ്മ്യൂണിറ്റിസ്പോർട്സിന്റെ സാധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക
- ശക്തമായ കായികഅടിത്തറയും കായികസംസ്കാരവും വളർത്തിയെടുക്കുക

കായികവകുപ്പിലെ വിവിധവിഷയങ്ങളിലെ ഈ പരിഗണനകൾ കണക്കിലെടുത്തുകൊണ്ട് കായികരംഗവുമായി ഇവയെ ബന്ധപ്പെടുത്തി ചുവടെ കൊടുത്തിരിക്കുന്ന വിഷയങ്ങളെ അധികരിച്ച് സെമിനാറുകൾ സംഘടിപ്പിക്കുന്നു.

1. **അടിസ്ഥാന സൗകര്യവികസനവും കായികസാങ്കേതികനവീകരണവും (Infrastructure & Sports Technological Upgradation)**
2. **സാമൂഹികഉൾച്ചേർക്കലും കായികഭരണവും (Social Inclusion & Governance)**
3. **എല്ലാവർക്കും സ്പോർട്സ് - അടിസ്ഥാന കായികവിദ്യാഭ്യാസവും കായികക്ഷമതാമിഷനും (Sports for All - Basic Physical Education and Physical Fitness Mission in Kerala )**
4. **സ്പോർട്സ് സയൻസും മനുഷ്യവിഭവശേഷി വികസനവും (Sports Science & Human Resource Development)**
5. **കായിക സമ്പദ് വ്യവസ്ഥ - സ്വയംപര്യാപ്തതയും സുസ്ഥിരവികസനവും (Sports Economy -Self Sufficiency and Sustainable Develpoment)**
6. **കായിക പ്രതിഭാനിർണ്ണയവും ഗ്രാസ്റൂട്ട് വികസനവും (Talent Identification and Grassroots Development)**

ഇവ ഓരോന്നും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

### 1. അടിസ്ഥാന സൗകര്യവികസനവും കായിക സാങ്കേതിക നവീകരണവും (Infrastructure & Sports Technological Upgradation)

മികവിന്റെ അടിത്തറ ശക്തമാക്കുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ള കായികസൗകര്യങ്ങളെ ലോകോത്തരനിലവാരത്തിലേക്ക് പരിവർത്തനം ചെയ്യേണ്ടത് അത്യാവശ്യമാണ്. കേരളത്തിലെ കായികമേഖലയുടെ മുഖച്ഛായ മാറ്റാനുതകുന്ന വിധത്തിൽ നിലവിലുള്ള സ്റ്റേഡിയങ്ങൾ, പരിശീലന ഗ്രൗണ്ടുകൾ, ഇൻഡോർ കോർട്ടുകൾ എന്നിവയുടെ സമഗ്രമായ നവീകരണം നടപ്പാക്കേണ്ടതുണ്ട്. അന്താരാഷ്ട്രമത്സരങ്ങൾക്ക് വേദിയാകാൻ പര്യാപ്തമായ സുരക്ഷാസംവിധാനങ്ങൾ, കൃത്യമായ അളവുകളോടുകൂടിയ കളിസ്ഥലങ്ങൾ, മികച്ച ലൈറ്റിംഗ്, കാണികൾക്കുള്ള ആധുനിക സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കണം. അത്‌ലറ്റിക് ട്രാക്കുകൾക്ക് സിന്തറ്റിക് ട്രാക്കുകളുടേതുപോലുള്ള ഗുണമേന്മയുള്ള പ്രതലങ്ങൾ നൽകുന്നതും, കാലാവസ്ഥാമാറ്റങ്ങളെ അതിജീവിക്കാൻ ശേഷിയുള്ള മൾട്ടി-പർപ്പസ് ഇൻഡോർ വേദികൾ ഒരുക്കുന്നതും ഇതിലുൾപ്പെടുന്നു. കായികരംഗത്തെ

വിജയത്തിന് ഇന്ന് ആധുനിക സാങ്കേതികവിദ്യയുടെ പങ്ക് ഒഴിച്ചുകൂടാനാവാത്തതാണ്. കായികതാരങ്ങളുടെ പരിശീലനത്തിൽ വിവരസാങ്കേതികവിദ്യയും സ്പോർട്സ് സയൻസും സമന്വയിപ്പിക്കുന്നത് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനിടയാകും. വീഡിയോ അനാലിസിസ്, 3D മോഷൻ ക്യാപ്ചർ, ബയോമെട്രിക് ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ച് താരങ്ങളുടെ പ്രകടനം തത്സമയം വിലയിരുത്താനും, പോരായ്മകൾ ശാസ്ത്രീയമായി തിരുത്താനും സാധിക്കും. അത്യാധുനിക ഉപകരണങ്ങളോടുകൂടിയ ലാബുകൾ സ്ഥാപിച്ച്, കായികതാരങ്ങളുടെ ശാരീരികക്ഷമത, പേശികളുടെ ബലം, ഓക്സിജൻ ഉപയോഗിക്കാനുള്ളശേഷി എന്നിവ ശാസ്ത്രീയമായി അളക്കണം. ഓരോ കായികതാരത്തിന്റെയും പരിശീലനപുരോഗതി, പരിക്ക് വിവരങ്ങൾ, പോഷകാഹാരം എന്നിവ രേഖപ്പെടുത്താനും വിശകലനംചെയ്യാനും ഒരു കേന്ദ്രീകൃത ഡാറ്റാബേസ് സിസ്റ്റം സ്ഥാപിക്കുന്നത് ദീർഘകാല പരിശീലനപരിപാടികൾക്ക് സഹായകമാകും. ഈ ഇരട്ട സമീപനം - മികച്ച ഭൗതികസൗകര്യങ്ങളും സാങ്കേതികപരമായ പിന്തുണയും - കേരളത്തിലെ കായികതാരങ്ങളെ അന്താരാഷ്ട്രതലത്തിൽ മത്സരിക്കാൻ പ്രാപ്തരാക്കുകയും, സംസ്ഥാനത്തിന് കായികരംഗത്ത് പുതിയൊരു മേൽവിലാസം നൽകുകയും ചെയ്യും. കേരളത്തിന്റെ കായികമേഖലയ്ക്ക് പുത്തനുണർവ് നൽകുന്നതിൽ അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയം നവീകരണത്തിനും നിർമ്മാണത്തിനും നിർണായകസ്ഥാനമുണ്ട്. സംസ്ഥാനത്തെ കായികസൗകര്യങ്ങൾ ലോകോത്തരനിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ പ്രധാന കായികകേന്ദ്രങ്ങളെ ഉടച്ചുവാർക്കുക എന്നതാണ് നവീകരണത്തിന്റെ കാതൽ. ഇതിൽ പ്രധാന അത്‌ലറ്റിക് സ്റ്റേഡിയങ്ങൾ, മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ, ആധുനിക നീന്തൽക്കുളങ്ങൾ എന്നിവയുടെ പുനർനിർമ്മാണവും നവീകരണവും ഉൾപ്പെടുന്നു. അന്താരാഷ്ട്രമത്സരങ്ങൾക്ക് ആതിഥേയത്വം വഹിക്കാൻ കേരളത്തെ സജ്ജമാക്കുന്നതിലൂടെ, കായികടൂറിസത്തിന് ഉത്തേജനംലഭിക്കുകയും പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്ക് ഉണർവുണ്ടാകുകയും ചെയ്യും.

കേരളത്തിന്റെ കായികമുന്നേറ്റത്തിന് അടിത്തറപാകുന്നതിൽ അത്യാധുനിക പരിശീലനകേന്ദ്രങ്ങളുടെ ശൃംഖല സ്ഥാപിക്കൽ ഏറ്റവും നിർണായകമായ പദ്ധതിയാണ്. ഇത് കേവലം കെട്ടിടങ്ങളോ ഉപകരണങ്ങളോ സ്ഥാപിക്കുന്നതിലുപരി, കായികതാരങ്ങൾക്ക് ഓരോ പ്രധാന കായികയിനത്തിനും പ്രത്യേകമായി ഒരു ഹൈ-പെർഫോമൻസ് സെന്ററെങ്കിലും (High-Performance Centre) സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. ഈ കേന്ദ്രങ്ങൾ, അതാത് കായികയിനങ്ങൾക്ക് ആവശ്യമായ അത്യാധുനിക ഉപകരണങ്ങൾ, സ്പോർട്സ് സയൻസ് ലാബുകൾ, ഫിസിയോതെറാപ്പി യൂണിറ്റുകൾ, സ്പോർട്സ് ന്യൂട്രീഷ്യൻ കൗൺസിലിംഗ് തുടങ്ങിയ സൗകര്യങ്ങളോടെ സജ്ജീകരിക്കും. ഇവിടെ അന്താരാഷ്ട്ര നിലവാരമുള്ള പരിശീലകരുടെയും വിദഗ്ധരുടെയും സേവനം ഉറപ്പാക്കണം. കൂടാതെ, കായികതാരങ്ങളുടെ ശാരീരികക്ഷമതയും പ്രതിരോധശേഷിയും വർദ്ധിപ്പിക്കുന്നതിനായി, ഭൂമിശാസ്ത്രപരമായ സാധ്യതകൾ പ്രയോജനപ്പെടുത്തി ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സൗകര്യങ്ങൾ (High-Altitude Training Facilities) സ്ഥാപിക്കാൻ നടപടിയെടുക്കും. താഴെത്തട്ടിലുള്ള കായികസംസ്കാരം വളർത്തുന്നതിനായി, ഓരോ ജില്ലയിലും അന്താരാഷ്ട്രനിലവാരമുള്ള 'സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ' സ്ഥാപിക്കും. ഏറ്റവും പുതിയ ജിംനേഷ്യം ഉപകരണങ്ങൾ, വ്യക്തിഗത പരിശീലനപരിപാടികൾ, ആരോഗ്യപരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ ഇവിടെ ലഭ്യമാകും. കായികതാരങ്ങളുടെ പ്രകടനം സൂക്ഷ്മമായി വിശകലനം ചെയ്യുന്നതിന് ഡാറ്റാ അനലിറ്റിക്സ് (Data Analytics) പരമാവധി ഉപയോഗപ്പെടുത്തണം. കളിക്കളത്തിലെ ചലനങ്ങൾ, വേഗത, സഹനശക്തി, പ്രതികരണസമയം തുടങ്ങിയ എല്ലാ വിവരങ്ങളും ശേഖരിച്ച് ശാസ്ത്രീയമായി വിലയിരുത്താനും ഓരോ കളിക്കാരന്റെയും ശക്തിയും ദൗർബല്യവും കൃത്യമായി മനസ്സിലാക്കാൻ

ഡാറ്റാ അനലിറ്റിക്സ് സഹായിക്കും. പരിശീലനരീതികൾക്ക് വിപ്ലവകരമായ മാറ്റം വരുത്തുന്നതിൽ വിർച്വൽ റിയാലിറ്റി (VR), ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധിഷ്ഠിത ഉപകരണങ്ങൾ എന്നിവയുടെ സംയോജനം നിർണായകമാണ്. വി.ആർ. സാങ്കേതികവിദ്യ ഉപയോഗിച്ച് യഥാർത്ഥ മത്സരസാഹചര്യങ്ങൾ അനുകരിക്കാൻ കഴിയും. ഇത് താരങ്ങൾക്ക് സമ്മർദ്ദമില്ലാത്ത അന്തരീക്ഷത്തിൽ തീരുമാനമെടുക്കാനുള്ള ശേഷി വർദ്ധിപ്പിക്കാൻ സഹായിക്കും. .

പരിസ്ഥിതിസൗഹൃദപരമായ സമീപനവും (Eco-friendly Approach) സുസ്ഥിരതയും കായികസൗകര്യങ്ങളുടെ നിർമ്മാണത്തിൽ അനിവാര്യമാണ്. കേരളത്തിന്റെ പരിസ്ഥിതിലോലസ്വഭാവം പരിഗണിച്ച്, ഈ വിഷയത്തിന് പരമമായ പ്രാധാന്യം നൽകേണ്ടതുണ്ട്. പുതിയ കായികസൗകര്യങ്ങൾ നിർമ്മിക്കുമ്പോൾ 'ഗ്രീൻ സ്റ്റേഡിയം' മാനദണ്ഡങ്ങൾ നിർബന്ധമാക്കണം. . എല്ലാ കായികകേന്ദ്രങ്ങളിലും സൗരോർജ്ജസംവിധാനങ്ങൾ സ്ഥാപിക്കുന്നത് നിർബന്ധമാക്കണം. സ്റ്റേഡിയങ്ങൾ, പരിശീലനകേന്ദ്രങ്ങൾ, ഇൻഡോർ കോർട്ടുകൾ എന്നിവയുടെ പ്രവർത്തനത്തിന് ആവശ്യമായ വൈദ്യുതിയുടെ ഒരു ഭാഗമെങ്കിലും സൗരോർജ്ജത്തിലൂടെ ഉത്പാദിപ്പിക്കുന്നത് വൈദ്യുതി ഉപഭോഗം കുറയ്ക്കാനും, ദീർഘകാലാടിസ്ഥാനത്തിൽ സാമ്പത്തികനേട്ടമുണ്ടാക്കാനും സഹായിക്കും. സുസ്ഥിരമായ കായികസൗകര്യങ്ങളുടെ പ്രധാനഘടകമാണ് ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം. മഴവെള്ള സംഭരണസംവിധാനങ്ങൾ, ഉപയോഗിച്ച വെള്ളം ശുദ്ധീകരിച്ച് പുനഃരുപയോഗിക്കാനുള്ള പ്ലാന്റുകൾ (Greywater Recycling), ജലസേചനസമയത്ത് ജലോപയോഗം കുറയ്ക്കുന്ന പുൽത്തകിടികൾ എന്നിവ നടപ്പിലാക്കണം.മാലിന്യസംസ്കരണത്തിൽ, ഖരമാലിന്യം വേർതിരിക്കുന്നതിനും ജൈവമാലിന്യത്തിൽനിന്ന് കമ്പോസ്റ്റ് നിർമ്മിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സ്റ്റേഡിയം കോംപ്ലക്സുകളിൽ സജ്ജമാക്കണം.

കാലഹരണപ്പെട്ട ഭരണരീതികളിൽ നിന്ന് വിടുതൽ നേടി, സമ്പൂർണ്ണമായ സുതാര്യതയും പരമാവധി കാര്യക്ഷമതയും ഉറപ്പുവരുത്തുന്ന ഡിജിറ്റൽ കായിക ഭരണക്രമത്തിലേക്ക് (Digital Sports Governance) സംസ്ഥാന ഭരണകൂടം പരിവർത്തനപ്പെടേണ്ടതുണ്ട്.ഇതിന്റെ അടിസ്ഥാനശിലയായി വർത്തിക്കുന്നത്, സമഗ്ര കായിക ഡാറ്റാ മാനേജ്മെന്റ് സംവിധാനമാണ് (SDMS). ഒരു കായികതാരത്തിന്റെ കരിയർ ആരംഭം മുതൽ അന്താരാഷ്ട്ര മത്സരങ്ങളിലേക്കുള്ള അവരുടെ പ്രയാണത്തിൽ, ആരോഗ്യവിവരങ്ങൾ, ഫിറ്റ്നസ് വിശകലനങ്ങൾ, പ്രകടന നിർണ്ണയ റിപ്പോർട്ടുകൾ (Performance Analytics), ശാസ്ത്രീയ പരിശീലന ദിനചര്യകൾ, പോഷകാഹാര നിലവാരം എന്നിവയെല്ലാം ഈ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ രേഖപ്പെടുത്തപ്പെടുകയും ആഴത്തിൽ വിശകലനം ചെയ്യപ്പെടുകയും ചെയ്യും. കായികവകുപ്പിന്റെ ഭരണനിർവ്വഹണത്തിൽ ഡിജിറ്റൽവത്കരണം നടപ്പിലാക്കുന്നത് സുതാര്യതയുടെയും വിശ്വാസ്യതയുടെയും പുതിയ മാനങ്ങൾ തുറക്കും. സ്റ്റേഡിയം ബുക്കിംഗ്, കായിക സ്കോളർഷിപ്പുകൾ, അവാർഡുകൾ, വിവിധ സാമ്പത്തിക സഹായങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളുടെയും അപേക്ഷയും വിതരണവും ഓൺലൈൻ പോർട്ടൽ വഴി കൈകാര്യം ചെയ്യുമ്പോൾ, ഉദ്യോഗസ്ഥതലത്തിലുള്ള കാലതാമസങ്ങളും ഇടപെടലുകളും കുറയുകയും, അർഹരായ ഗുണഭോക്താക്കളിലേക്ക് ആനുകൂല്യങ്ങൾ നേരിട്ട് എത്തുകയും ചെയ്യും.

## 2. സാമൂഹികഉൾച്ചേർക്കലും കായികഭരണവും (Social Inclusion & Governance)

കേരളത്തിലെ കായികമേഖലയുടെ സമഗ്രമായ വളർച്ചയ്ക്ക് സാമൂഹിക ഉൾച്ചേർക്കലും (Social Inclusion) സുതാര്യവും പ്രൊഫഷണലുമായ ഭരണവും (Governance) ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണ്. കായികരംഗത്തെ എല്ലാവർക്കും പ്രാപ്യമാക്കുകയും ഭരണപരമായ കാര്യങ്ങളിൽ വിശ്വാസ്യത

ഉറപ്പാക്കുകയും ചെയ്യുന്നത് കായികമേഖലയുടെ സ്വീകാര്യതയും വിശ്വസ്ഥതയും വർദ്ധിപ്പിക്കും. കായികഅവസരങ്ങൾ എല്ലാവിഭാഗം ജനങ്ങൾക്കും തുല്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, കായികമേഖലയിൽ സ്ത്രീകളുടെയും പെൺകുട്ടികളുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികളും സുരക്ഷിതവും പ്രോത്സാഹജനകവുമായ പരിശീലന അന്തരീക്ഷവും ഉറപ്പാക്കണം. ഭിന്നശേഷിയുള്ള കായികതാരങ്ങളെ (Para-athletes) പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് അന്താരാഷ്ട്രനിലവാരമുള്ള പരിശീലനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും മുൻഗണന നൽകുകയും പാരാ ഗെയിംസുകൾക്ക് ആതിഥേയത്വം വഹിക്കാൻ കേരളത്തെ സജ്ജമാക്കണം. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും, ഗോത്രവിഭാഗങ്ങളിൽ നിന്നുള്ളവരുമായ കായികപ്രതിഭകളെ കണ്ടെത്തി, അവർക്ക് സൗജന്യപരിശീലനവും സാമ്പത്തികപിന്തുണയും നൽകുന്ന സ്കോളർഷിപ്പ് പദ്ധതികൾ വിപുലീകരിക്കണം. കായികമേഖലയുടെ വിശ്വാസ്യത നിലനിർത്തുന്നതിന് ഭരണപരമായ കാര്യങ്ങളിൽ സുതാര്യതയും പ്രൊഫഷണലിസവും അത്യന്താപേക്ഷിതമാണ്. കായികസ്ഥാപനങ്ങളുടെയും അസോസിയേഷനുകളുടെയും ഭരണം സ്പോർട്സ് മാനേജ്മെന്റിൽ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളെ ഏൽപ്പിക്കണം. ഫണ്ട് വിനിയോഗം, പരിശീലകരെ തിരഞ്ഞെടുക്കൽ, കായികതാരങ്ങൾക്ക് ആനുകൂല്യങ്ങൾ വിതരണംചെയ്യൽ തുടങ്ങിയ എല്ലാ കാര്യങ്ങളിലും സുതാര്യത ഉറപ്പാക്കാൻ ഓൺലൈൻ പ്ലാറ്റ്ഫോമുകളും ഓഡിറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തണം. .

കായികരംഗത്ത് സാമൂഹികനീതിയും തുല്യതയും ഉറപ്പാക്കുന്നതിൽ ഉൾച്ചേർക്കൽ നയങ്ങളിലൂടെ (Inclusion Policies) സ്ത്രീകൾ, പെൺകുട്ടികൾ, ഭിന്നശേഷി കായികതാരങ്ങൾ എന്നിവരുൾപ്പെടെ എല്ലാവർക്കും കായികലോകത്തേക്ക് കടന്നുവരാനും മികവ് തെളിയിക്കാനും അവസരമൊരുക്കേണ്ടത് നവകായികകേരളത്തിന്റെ ലക്ഷ്യമാണ്. ഇത് സമൂഹത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് അത്യന്താപേക്ഷിതമാണ്. ഫുട്ബോൾ, ബാസ്കറ്റ്ബോൾ, കബഡി തുടങ്ങിയ ഇനങ്ങളിൽ സ്ഥിരമായി ലീഗുകൾ സംഘടിപ്പിക്കുന്നത് വനിതാതാരങ്ങൾക്ക് പ്രൊഫഷണൽതലത്തിൽ കളിക്കാനും വരുമാനംനേടാനുമുള്ള അവസരംനൽകും. കായികപരിശീലനകേന്ദ്രങ്ങളിലും മത്സരവേദികളിലും സ്ത്രീകൾക്ക് സുരക്ഷിതവും വിവേചനരഹിതവുമായ അന്തരീക്ഷം ഉറപ്പാക്കാൻ കർശനമായ നിയമങ്ങൾ കൊണ്ടുവരണം. ലിംഗപരമായ അതിക്രമങ്ങൾ തടയുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും ശക്തമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം. ഭിന്നശേഷിയുള്ള കായികതാരങ്ങളുടെ (Para-athletes) കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും അവർക്കായി പ്രത്യേക പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുകയും വേണം. ഇവിടെ അവരുടെ പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ചുള്ള പരിശീലകരെയും ഉപകരണങ്ങളും ഉറപ്പാക്കണം. നിലവിലുള്ളതും പുതുതായി നിർമ്മിക്കുന്നതുമായ എല്ലാ കായികസൗകര്യങ്ങളും ഭിന്നശേഷി സൗഹൃദപരമായിരിക്കണം (Accessible). റാമ്പുകൾ, ഭിന്നശേഷിക്കാർക്കായുള്ള ടോയ്‌ലറ്റുകൾ, പ്രത്യേക ഇരിപ്പിടങ്ങൾ എന്നിവ നിർബന്ധമാക്കണം. ഈ ഉൾച്ചേർക്കൽ നയങ്ങൾ കായികരംഗത്തെ കൂടുതൽ മാനുഷികവും, സമഗ്രവുമായ ഒരു ഇടമാക്കി മാറ്റുകയും, എല്ലാവർക്കും തുല്യഅവസരങ്ങൾ ഉറപ്പാക്കുകയും ചെയ്യും.

കേരളത്തിലെ കായികമേഖലയുടെ വിശ്വാസ്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിൽ കായികസംഘടനകളുടെ ഭരണപരിഷ്കരണം അനിവാര്യമായ ഒരു ഘടകമാണ്. നിലവിലുള്ള സംസ്ഥാന കായികഅസോസിയേഷനുകളുടെയും ഫെഡറേഷനുകളുടെയും പ്രവർത്തനങ്ങളിൽ പൂർണ്ണമായ സുതാര്യതയും പ്രൊഫഷണലിസവും ഉറപ്പാക്കുന്നതിലൂടെ മാത്രമേ കായികരംഗത്തെ അഴിമതിരഹിതമാക്കാനും താരങ്ങൾക്ക് നീതി ഉറപ്പാക്കാനും സാധിക്കൂ. കായികസംഘടനകളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും (Accountability) ഉറപ്പാക്കാൻ കർശനമായ നിയമനിർമ്മാണം

നടത്തേണ്ടത് അത്യാവശ്യമാണ്. കായികസംഘടനകളുടെ ഭരണസമിതികളിൽ കായിക മാനേജ്മെന്റ്, നിയമം, ധനകാര്യം തുടങ്ങിയ മേഖലകളിൽ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളുടെ പ്രാതിനിധ്യം ഉറപ്പാക്കണം. കേവലം രാഷ്ട്രീയമോ വ്യക്തിപരമോ ആയ താൽപ്പര്യങ്ങളേക്കാൾ, കായികരംഗത്തെ മികവിന് മുൻഗണനനൽകുന്ന ഒരു നയം രൂപീകരിക്കണം. കായികരംഗത്തെ അഴിമതി തുടച്ചുനീക്കുന്നതിനും, കായികതാരങ്ങൾക്ക് അർഹമായ അവസരങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ശക്തമായി ഇടപെടണം. കായികരംഗത്തെ അഴിമതിയും സ്വജനപക്ഷപാതവും തടയുന്നതിനായി ശക്തമായ നിയമനിർമ്മാണങ്ങൾ നടപ്പിലാക്കണം. തെറ്റായരീതികൾ കണ്ടെത്തിയാൽ കർശനമായ ശിക്ഷാനടപടികൾക്ക് വ്യവസ്ഥ ചെയ്യണം. താരങ്ങളെ തിരഞ്ഞെടുക്കുന്നതിലും ഫണ്ട് വിനിയോഗിക്കുന്നതിലും സർക്കാരിന് നേരിട്ട് ഇടപെടാൻ കഴിയുന്നരീതിയിൽ നയങ്ങൾ പരിഷ്കരിക്കണം. തിരഞ്ഞെടുപ്പ് പ്രക്രിയകൾ മെറിറ്റ് അടിസ്ഥാനത്തിൽ മാത്രമായിരിക്കണം. സർക്കാർ നിയോഗിക്കുന്ന നിരീക്ഷണസമിതികൾക്ക് അസോസിയേഷനുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും, ആവശ്യമായ തിരുത്തലുകൾ വരുത്താനും അധികാരം നൽകണം.

കായികരംഗത്തിന്റെ പരിശുദ്ധി നിലനിർത്തുന്നതിനും, യുവതലമുറയിൽ മികച്ച പൗരബോധം വളർത്തുന്നതിനും ധാർമ്മികനിലവാരവും സുരക്ഷയും അതീവപ്രാധാന്യം അർഹിക്കുന്നു. കായികരംഗത്തെ ധാർമികതയ്ക്ക് ഏറ്റവും വലിയ വെല്ലുവിളിയാണ് ഡോപ്പിംഗ് അഥവാ ഉത്തേജകമരുന്നുകളുടെ ഉപയോഗം. ഇതിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. ഹൈ-പെർഫോമൻസ് സെന്ററുകളിലും റീജിയണൽ അക്കാദമികളിലുമുള്ള കായികതാരങ്ങളെ ദേശീയ-അന്തർദേശീയ ഡോപ്പിംഗ് വിരുദ്ധ ഏജൻസികളുടെ (NADA, WADA) സഹകരണത്തോടെ പതിവായതും അപ്രതീക്ഷിതവുമായ പരിശോധനകൾക്ക് വിധേയമാക്കണം. ഡോപ്പിംഗ് നിയമങ്ങളെക്കുറിച്ചും അതിന്റെ ആരോഗ്യപരമായ ദോഷവശങ്ങളെക്കുറിച്ചും കായികതാരങ്ങളെയും പരിശീലകരെയും ബോധവൽക്കരിക്കാനുള്ള തുടർച്ചയായ പ്രചാരണങ്ങളും പ്രത്യേകക്ലാസുകളും സംഘടിപ്പിക്കണം. കായികരംഗത്തിലൂടെ യുവതാരങ്ങളിൽ മികച്ച സ്വഭാവഗുണങ്ങൾ വളർത്തുന്നതിന് ധാർമികപരിശീലനം പരിശീലനത്തിന്റെ അവിഭാജ്യ ഘടകമായി മാറ്റണം. കളിചിട്ട (Fair Play), എതിരാളികളോടുള്ള ബഹുമാനം, വിനയം, സാമൂഹിക ഉത്തരവാദിത്തബോധം എന്നിവ യുവകായികതാരങ്ങളിൽ വളർത്തുന്നതിനായി പ്രത്യേക പരിശീലനമൊഡ്യൂളുകൾ രൂപകൽപ്പനചെയ്ത് പരിശീലനത്തിന്റെ ഭാഗമാക്കണം. പരിശീലകർ സ്വയം മാതൃകാപരമായ പെരുമാറ്റം കാഴ്ചവെക്കേണ്ടത് അത്യാവശ്യമാണ്. കളിയുടെ നിയമങ്ങളെ മാനിക്കുന്നതിന്റെ പ്രാധാന്യം, തോൽവിയെയും വിജയത്തെയും ഒരേ വികാരത്തോടെ സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് താരങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകണം.

ആധുനിക കായിക വികസനത്തിന് അടിസ്ഥാന സൗകര്യവികസനം, പ്രതിഭാപ്രോത്സാഹനം, താരങ്ങളുടെ ദീർഘകാല സാമ്പത്തിക സുരക്ഷ എന്നിവ ഉറപ്പാക്കാൻ സ്വകാര്യ മേഖലയുടെ നിക്ഷേപവും സജീവ പങ്കാളിത്തവും (Public-Private Partnership - PPP) അനിവാര്യമാണ്. ഇതോടൊപ്പം, കമ്പനികളുടെ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്ത ഫണ്ട് (CSR Fund) കായിക വികസനത്തിനായി ഉപയോഗിക്കുന്നതിന് ശക്തമായ ഒരു നിയമപരമായ ചട്ടക്കൂടും പ്രോത്സാഹന സംവിധാനവും രൂപീകരിക്കണം. കായികരംഗത്തെ CSR പ്രവർത്തനങ്ങൾക്ക് നികുതിയിളവുകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നത് സ്വകാര്യ കമ്പനികളെ ആകർഷിക്കാൻ സഹായിക്കും. കായികതാരങ്ങൾക്ക് ദീർഘകാല സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾ ആരംഭിക്കുന്നതിനും ഈ ഫണ്ട് പ്രയോജനപ്പെടുത്താം. കായികരംഗത്തെ പ്രൊഫഷണൽവൽക്കരിക്കുന്നതിനും, സുസ്ഥിരമായ സാമ്പത്തിക അടിത്തറ ഉറപ്പാക്കുന്നതിനും 'പങ്കാളിത്ത സംസ്കാരം' അത്യാവശ്യമാണ്.

## 3. എല്ലാവർക്കും സ്പോർട്സ്-അടിസ്ഥാന കായികവിദ്യാഭ്യാസവും കായികക്ഷമതാമിഷനും (Sports for All - Basic Physical Education and Physical Fitness Mission in Kerala )

കായികരംഗത്തെ സമഗ്രമായ വളർച്ചയ്ക്ക് അടിസ്ഥാന കായികവിദ്യാഭ്യാസം, കായികസാക്ഷരത, ശാസ്ത്രീയമായ പ്രതിഭാനിർണയപരിപാടികൾ, കായികമേഖലയിലെ ഗവേഷണപ്രവർത്തനങ്ങൾ എന്നിവയെല്ലാം വ്യവസ്ഥാപിതമായി നടപ്പിലാക്കുന്നത് ശക്തമായ ഒരു കായികസംസ്കാരത്തിന് അടിത്തറയിടുന്നു. കുട്ടികൾക്ക് ചെറുപ്പകാലത്തുതന്നെ കായികപരമായ ശീലങ്ങളും, ആരോഗ്യകരമായ ജീവിതശൈലിയോടുള്ള മനോഭാവവും വളർത്തിയെടുക്കേണ്ടതുണ്ട്. പാഠ്യപദ്ധതിയുടെ ഭാഗമായി എല്ലാദിവസവും നിശ്ചിതസമയം കായികപ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്ന മനോഭാവം കുട്ടികളിൽ വളർത്തിയെടുക്കണം. കളിയിലൂടെ പഠനം പ്രോത്സാഹിപ്പിക്കുകയും പ്രാദേശികകളികൾ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന കായികയിനങ്ങളെ പുതുതലമുറക്ക് പരിചയപ്പെടുത്തുകയും വേണം. കളിക്കുക മാത്രമല്ല, കായികനിയമങ്ങളെക്കുറിച്ചും ആരോഗ്യത്തെക്കുറിച്ചും കായികരംഗത്തെ ശാസ്ത്രീയവശങ്ങളെക്കുറിച്ചുമുള്ള അറിവാണ് കായികസാക്ഷരതയിലൂടെ വിശദമാക്കേണ്ടത്. കായികയിനങ്ങളെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കുക, ആരോഗ്യത്തെക്കുറിച്ച് ശരിയായ തീരുമാനങ്ങൾ എടുക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക, കായികയിനങ്ങളുടെ ചരിത്രം, നിയമങ്ങൾ, റഫറിയിംഗ് രീതികൾ എന്നിവ ഉൾപ്പെടെ പഠനവിഷയമാക്കുക. ശരിയായ പോഷകാഹാരം, പരിക്കുകൾ കൈകാര്യംചെയ്യേണ്ട രീതി എന്നിവയെക്കുറിച്ച് പൊതുജനങ്ങളിലും കളിക്കാരിലും അവബോധം സൃഷ്ടിക്കുക. കായികതാരങ്ങളെ മാന്യമായ പെരുമാറ്റത്തിന്റെ പ്രാധാന്യം തിരിച്ചറിയാനുതകുന്നരീതിയിൽ വളർത്തുകയും ഭാവിയിലെ മികച്ചകായികതാരങ്ങളെ ചെറുപ്പത്തിൽത്തന്നെ കണ്ടെത്തി ശാസ്ത്രീയപരിശീലനം നൽകുന്നതിനുള്ള വ്യവസ്ഥാപിത മാർഗംകൂടി രൂപപ്പെടുത്തുകയും വേണം. ഒരു പ്രത്യേക കായികയിനത്തിന് അനുയോജ്യമായ കായിക, ശാരീരിക, ജനിതക, മാനസിക കഴിവുകളുള്ള കുട്ടികളെ കണ്ടെത്തുകയും വേഗത, ശക്തി, പ്രതികരണ സമയം തുടങ്ങിയ ഘടകങ്ങൾ അളക്കുന്നതിന് സ്റ്റാൻഡേർഡ് ടെസ്റ്റുകൾ ഉപയോഗപ്പെടുത്തുകയും വേണം. കുട്ടികളുടെ ഉയരം, ഭാരം, ശരീരഘടന എന്നിവ വിലയിരുത്തി അവർക്ക് ഏറ്റവും അനുയോജ്യമായ കായികയിനം നിർണ്ണയിക്കുകയും, കണ്ടെത്തിയ പ്രതിഭകൾക്ക് അവരുടെ കായികപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് പ്രത്യേക ശാസ്ത്രീയപരിശീലനം നൽകുകയും വേണം.

കളിക്കാരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനും, പരിക്കുകൾ കുറയ്ക്കുന്നതിനും, കായിക അടിസ്ഥാനസൗകര്യങ്ങൾ നവീകരിക്കുന്നതിനും വേണ്ടിയുള്ള ഗവേഷണങ്ങൾ, ഡാറ്റാ അധിഷ്ഠിതമായ തീരുമാനങ്ങളിലൂടെ കായികരംഗത്തെ ആധുനികവൽക്കരിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാധാന്യംനൽകണം. കായികവിദ്യാഭ്യാസം, കായികമനഃശാസ്ത്രം, കായികഎഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളുമായി ബന്ധപ്പെടുത്തി ഗവേഷണകേന്ദ്രങ്ങൾ സ്ഥാപിക്കണം. പ്രാദേശികസാഹചര്യങ്ങൾക്കും കായികതാരങ്ങളുടെ പ്രത്യേകതകൾക്കും അനുസരിച്ചുള്ള ന്യൂട്രീഷ്യൻ, ഹൈ-ആൾറ്റിറ്റ്യൂഡ് ട്രെയിനിംഗ് തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേകപഠനങ്ങൾ നടത്തണം. വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങൾ സംസ്ഥാനത്തിന്റെ ആരോഗ്യമേഖലയ്ക്കും സാമ്പത്തികവ്യവസ്ഥയ്ക്കും വലിയ വെല്ലുവിളിയുയർത്തുന്ന ഈ കാലഘട്ടത്തിൽ, രോഗംവന്ന ശേഷം ചികിത്സിക്കുന്ന രീതിയിൽനിന്ന് മാറി, കായികപരിശീലനത്തിലൂടെ രോഗപ്രതിരോധത്തിന് പ്രാധാന്യംനൽകുന്ന ഒരു പുതിയ സമീപനം അനിവാര്യമാണ് ഗവേഷണഫലങ്ങൾ പരിശീലകർക്കും കളിക്കാർക്കും

എളുപ്പത്തിൽ ലഭ്യമാക്കുകയും, അവ പരിശീലനരീതികളിൽ പ്രയോഗിക്കുകയും ചെയ്യുന്ന സമീപനവും രൂപപ്പെടുത്തണം. 'ഫിറ്റ്നസ് ഫോർ ഓൾ' മിഷൻ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വിദ്യാഭ്യാസം, ആരോഗ്യം, തദ്ദേശസ്വയംഭരണം, കായികം എന്നീ വകുപ്പുകളുടെ പൂർണ്ണമായ ഏകോപനം അത്യന്താപേക്ഷിതമാണ്. വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങൾ സംസ്ഥാനത്തിന്റെ ആരോഗ്യമേഖലയ്ക്കും സാമ്പത്തികവ്യവസ്ഥയ്ക്കും വലിയ വെല്ലുവിളിയുയർത്തുന്ന ഈ കാലഘട്ടത്തിൽ, രോഗംവന്ന ശേഷം ചികിത്സിക്കുന്ന രീതിയിൽനിന്ന് മാറി, കായികപരിശീലനത്തിലൂടെ രോഗപ്രതിരോധത്തിന് പ്രാധാന്യംനൽകുന്ന ഒരു പുതിയ സമീപനം അനിവാര്യമാണ്. കുടുംബശ്രീ പ്രവർത്തകർ, ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾ, സന്നദ്ധസംഘടനാ പ്രവർത്തകർ എന്നിവരുടെ സജീവപങ്കാളിത്തത്തോടെ ഈ ആശയം പൊതുജനങ്ങളിലേക്ക് വ്യാപിപ്പിക്കണം.

## 4. സ്പോർട്സ് സയൻസും മനുഷ്യവിഭവശേഷിവികസനവും (Sports Science & Human Resource Development)

കായികതാരങ്ങളുടെ പ്രകടനം ശാസ്ത്രീയമായി മെച്ചപ്പെടുത്താനും, അവരുടെ കായികജീവിതം കൂടുതൽ സുരക്ഷിതമാക്കാനും, രാജ്യത്തിന്റെ കായികനിലവാരം ആഗോളതലത്തിലേക്ക് ഉയർത്താനും സ്പോർട്സ് സയൻസിന്റെ തത്വങ്ങളും സാങ്കേതികവിദ്യകളും കായികപരിശീലനത്തിൽ പ്രായോഗികമായി ഉപയോഗിക്കുന്നതിന് കൂടുതൽ പ്രാമുഖ്യംനൽകണം. ഫിസിയോതെറാപ്പി, സ്പോർട്സ് ന്യൂട്രീഷൻ, സൈക്കോളജി തുടങ്ങിയ കായികശാസ്ത്രശാഖകൾ എല്ലാതലത്തിലുമുള്ള കളിക്കാർക്കും (യുവതാരങ്ങൾ മുതൽ പ്രൊഫഷണലുകൾ വരെ) ലഭ്യമാക്കണം. ഓരോ കായികതാരത്തിന്റെയും ശാരീരികക്ഷമത, ആരോഗ്യനില, കഴിവുകൾ എന്നിവ ശാസ്ത്രീയമായി വിലയിരുത്തിക്കൊണ്ട് വ്യക്തിഗത പരിശീലനപദ്ധതികൾ തയ്യാറാക്കുക. പരിക്കുകൾ ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടികണ്ട്, ബയോമെക്കാനിക്സ് ഉപയോഗിച്ച് കളിക്കാർക്ക് പ്രത്യേക വ്യായാമങ്ങൾ നൽകുക. കായികശാസ്ത്രശാഖയിലെ പുതിയ കണ്ടുപിടുത്തങ്ങളെയും സാങ്കേതികമുന്നേറ്റങ്ങളെയും കണക്കിലെടുത്ത് കളിക്കാരുടെ പ്രകടനഡാറ്റ, ഹൃദയമിടിപ്പ്, ഉറക്കം, പ്രതികരണസമയം തുടങ്ങിയവ ശേഖരിച്ച് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വഴി വിശകലനംചെയ്ത് പരിശീലനതന്ത്രങ്ങൾ മെച്ചപ്പെടുത്തുക. കായികരംഗത്തെ പ്രത്യേക വെല്ലുവിളികൾക്ക് പരിഹാരംകാണാൻ പുതിയ ഗവേഷണങ്ങൾക്ക് ഫണ്ട് നൽകുകയും, അത് പ്രായോഗികപരിശീലനങ്ങളിലേക്ക് കൊണ്ടുവരികയും ചെയ്യണം. സ്പോർട്സ് സയൻസിലെ വിവിധ ഉപമേഖലകളെയും അതുമായി ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങളെയും പരസ്പരം ബന്ധിപ്പിച്ച് പ്രവർത്തിക്കുന്നതാണ് സംയോജനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പരിശീലകൻ, ഫിസിയോതെറാപ്പിസ്റ്റ്, കായികമനഃശാസ്ത്രജ്ഞൻ, ന്യൂട്രീഷ്യനിസ്റ്റ്, ഡാറ്റാ അനലിസ്റ്റ് എന്നിവരടങ്ങുന്ന ഒരു സംയോജിത ടീമിന്റെ സഹകരണത്തോടെ കളിക്കാരന് പിന്തുണനൽകുക. കായികഅക്കാദമികൾ, യൂണിവേഴ്സിറ്റികളിലെ കായികശാസ്ത്ര വിഭാഗങ്ങൾ, ഗവേഷണസ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവ തമ്മിൽ അറിവ് പങ്കുവെക്കാനും സഹകരിക്കാനും അവസരമുണ്ടാക്കുക. . ഓരോ കായികതാരത്തിന്റെയും കായികയിനം, പരിശീലനത്തിന്റെ തീവ്രത, ശരീരപ്രകൃതി, ആരോഗ്യസ്ഥിതി എന്നിവ കണക്കിലെടുത്ത് വ്യക്തിഗത പോഷകാഹാരപദ്ധതികൾ രൂപീകരിക്കണം.

പരിശീലകർക്ക് ദേശീയ-അന്തർദേശീയതലങ്ങളിൽ അംഗീകാരമുള്ള കോച്ചിംഗ് സർട്ടിഫിക്കേഷനുകൾ നേടുന്നതിന് സൗകര്യമൊരുക്കണം. ഇതിനായി, വിദേശ ഏജൻസികൾ, യൂണിവേഴ്സിറ്റികൾ, ലോകോത്തര കായികസംഘടനകൾ എന്നിവയുമായി സഹകരിച്ച് പരിശീലക എക്സ്ചേഞ്ച് പ്രോഗ്രാമുകളും പ്രത്യേക പരിശീലനപദ്ധതികളും സംഘടിപ്പിക്കണം. മികച്ചപരിശീലകർക്ക് അവരുടെ

വൈദഗ്ധ്യത്തിനും അനുഭവത്തിനും അനുസരിച്ച് മാന്യമായ വേതനവും മറ്റ് ആനുകൂല്യങ്ങളും (ഉദാഹരണത്തിന്, ഇൻഷുറൻസ്, റിട്ടയർമെന്റ് പ്ലാനുകൾ) ഉറപ്പാക്കണം. കായികവിദ്യാഭ്യാസത്തെ സ്കൂൾ-കോളേജ് തലങ്ങളിൽ നിർബന്ധിതവും അനിവാര്യവുമായ ഒരു പാഠ്യവിഷയമാക്കി മാറ്റണം. സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് ടെക്നോളജി, സ്പോർട്സ് ജേണലിസം, കായിക നിയമം (Sports Law) തുടങ്ങിയ പുതിയതും നൂതനവുമായ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിലൂടെ, കായികരംഗത്ത് വിദഗ്ധരായ പ്രൊഫഷണലുകളെ വാർത്തെടുക്കാൻ സാധിക്കും. ഏറ്റവും പുതിയതും കൃത്യമായതുമായ രോഗനിർണ്ണയ ഉപകരണങ്ങളും (Diagnostic Tools) പുനരധിവാസ കേന്ദ്രങ്ങളും (Rehabilitation Centers) എല്ലാ പ്രധാന പരിശീലനകേന്ദ്രങ്ങളോടും ചേർന്ന് സ്ഥാപിക്കപ്പെടണം. മത്സരംഗത്തെ കടുത്ത സമ്മർദ്ദങ്ങൾ ലഘൂകരിക്കുന്നതിനും മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും കായിക മനഃശാസ്ത്ര കൗൺസിലിംഗ് (Sports Psychology) അത്യന്താപേക്ഷിതമായ ഒരു സേവനമാണ്. നൂതനമായ പരിശീലന രീതികൾ, അത്യാധുനിക കായിക ഉപകരണങ്ങളുടെ രൂപകൽപ്പനയും നിർമ്മാണവും, സ്പോർട്സ് സയൻസിലെ പുതിയ കണ്ടുപിടിത്തങ്ങൾ എന്നിവയിൽ ഊന്നൽ നൽകി സർവ്വകലാശാലകളെയും ഗവേഷണ സ്ഥാപനങ്ങളെയും കായിക വകുപ്പുമായി ശക്തമായി ബന്ധിപ്പിക്കണം. പരിശീലനരീതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്, ഓരോ ഹൈ-പെർഫോമൻസ് സെന്ററുകളിലും (HPC) കായികശാസ്ത്രത്തിൽ വൈദഗ്ധ്യമുള്ള ഒരു മൾട്ടി-ഡിസിപ്ലിനറി ടീമിന്റെ സേവനം ഉറപ്പാക്കണം സ്കൂൾതലത്തിലും കോളേജ്തലത്തിലും കായികപഠനശാസ്ത്രത്തെ ഒരു പ്രധാന വിഷയമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി, ഭാവിയിൽ ഈ മേഖലയിലേക്ക് കൂടുതൽ വിദഗ്ധരെ വാർത്തെടുക്കുകയും വേണം.

## 5. കായിക സമ്പദ്‌വ്യവസ്ഥ - സ്വയംപര്യാപ്തതയും സുസ്ഥിരവികസനവും (Sports Economy -Self Sufficiency and Sustainable Develpoment)

മികച്ചനിലവാരം പുലർത്തുന്ന ഓരോ കായികതാരത്തിനുചുറ്റും പിന്തുണയേകാൻ ഒരു കായികആവാസവ്യവസ്ഥ ഉറപ്പാക്കുന്ന ഒരു അത്‌ലറ്റ്-സംരക്ഷകചട്ടക്കൂട് വികസിപ്പിക്കുക എന്നതിന് പ്രധാന മുൻഗണന നൽകണം. ഗുണനിലവാരമുള്ള പരിശീലനം, സമഗ്രമായ ശാസ്ത്രീയപിന്തുണ, കായികതാരങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കാര്യക്ഷമമായ സംവിധാനങ്ങൾ എന്നിവ ഇതിലുൾപ്പെടുന്നു. കായികപദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും ദീർഘകാല പിന്തുണ ഉറപ്പാക്കാൻ സ്ഥിരതയുള്ള വരുമാനമാർഗ്ഗങ്ങൾ ആവശ്യമാണ്. സർക്കാർ ഫണ്ടുകൾക്ക് പുറമേ, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സാമൂഹികഉത്തരവാദിത്തഫണ്ടുകൾ (CSR), സ്പോൺസർഷിപ്പുകൾ, സ്വകാര്യനിക്ഷേപം എന്നിവ പ്രോത്സാഹിപ്പിക്കണം. കായികമേഖലയിൽ നിക്ഷേപംനടത്തുന്ന സ്ഥാപനങ്ങൾക്ക് നികുതിയിളവുകൾ നൽകുന്നത് സ്വകാര്യഫണ്ടിംഗ് ആകർഷിക്കാൻ സഹായിക്കും. വലിയ ടൂർണമെന്റുകളുടെയും ലീഗുകളുടെയും സംപ്രേക്ഷണാവകാശങ്ങൾ വിൽക്കുന്നതിലൂടെയും മത്സരടിക്കറ്റുകൾ വിൽക്കുന്നതിലൂടെയുമുള്ള വരുമാനം ഫണ്ടിംഗിന് ഉപയോഗിക്കുവാൻ സാധിക്കും. കായികരംഗത്തെ ഉപഭോഗമേഖല എന്നതിലുപരി ഒരു വ്യവസായമായി വളർത്തിയെടുക്കുന്നതിലൂടെയാണ് കായികസമ്പദ്ഘടന വികസിക്കുന്നത്. അന്താരാഷ്ട്രമത്സരങ്ങൾക്കും കായികഇവന്റുകൾക്കും ആതിഥേയത്വം വഹിക്കുന്നതുവഴി വിനോദസഞ്ചാരികളെ ആകർഷിക്കാനും അതുവഴി ഹോട്ടൽ, ഗതാഗതമേഖലകളിൽ വരുമാനം ഉണ്ടാക്കാനും സാധിക്കും. അത്യാധുനിക സ്റ്റേഡിയങ്ങൾ, പരിശീലനകേന്ദ്രങ്ങൾ, കായികഅക്കാദമികൾ എന്നിവ നിർമ്മിക്കുന്നത് നിർമ്മാണമേഖലയിലും, പിന്നീട് അക്കാദമി നടത്തിപ്പിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കും. കായികശാസ്ത്രം, ഫിസിയോതെറാപ്പി, സ്പോർട്സ് മാനേജ്മെന്റ് തുടങ്ങിയ വിഷയങ്ങളിൽ ഉന്നതവിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങൾ തുടങ്ങുന്നത് ഈ മേഖല

യിലെ വിദഗ്ധരുടെ എണ്ണം വർധിപ്പിക്കും. സ്പോർട്സ് ഉപകരണങ്ങൾ, വസ്ത്രങ്ങൾ, പോഷകാഹാരം എന്നിവയുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നത് പ്രാദേശിക വ്യവസായങ്ങളുടെ വളർച്ചയ്ക്ക് കാരണമാകും. സുസ്ഥിരമായ ഫണ്ടിംഗ് ഉറപ്പാക്കിയാൽ മാത്രമേ കായികതാരങ്ങൾക്ക് മികച്ച പരിശീലനം ലഭിക്കുകയുള്ളൂ. ഇതിലൂടെ ഉയർന്ന പ്രകടനം ഉറപ്പാക്കുന്നതിനും, അതുവഴി കൂടുതൽ കായികരാധകരെയും നിക്ഷേപകരെയും ആകർഷിച്ച് കായികസമ്പദ്ഘടന വിപുലീകരിക്കുവാനും സാധിക്കും.

## 6. കായിക പ്രതിഭാനിർണ്ണയവും ഗ്രാസ്റൂട്ട് വികസനവും (Talent Identification and Grassroots Development)

കേരളസമൂഹത്തിൽ വിവിധപ്രായത്തിലുള്ള എല്ലാ വിഭാഗം ജനങ്ങൾക്കും സജീവമായി കായികമത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള സാധ്യതകൾ ഉറപ്പാക്കാൻ കഴിയണം. കൂടുതൽ സംഘടിതമായ മത്സര പ്ലാറ്റ്ഫോമുകൾ സൃഷ്ടിക്കണം. ഇതിലൂടെ പ്രതിഭാധനരായ കായികതാരങ്ങൾക്ക് അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുവാൻ അവസരമൊരുങ്ങുന്നു. സ്കൂൾതലംമുതൽ ഉന്നതവിദ്യാഭ്യാസം വരെയുള്ള എല്ലാഘട്ടങ്ങളിലും പൊതുഇടങ്ങളിലും ഇതിനുള്ള പ്രാപ്യത ഉറപ്പാക്കുവാൻ കഴിയണം. കൂടുതൽ സംഘടിതമായ കായിക പ്ലാറ്റ്ഫോമുകൾ (ലീഗുകൾ, ടൂർണമെന്റുകൾ, പരിശീലന കേന്ദ്രങ്ങൾ) സൃഷ്ടിക്കുക, ആരോഗ്യകരമായ മത്സരബുദ്ധി വളർത്തുക, കളിക്കാരെ അവരുടെ കഴിവിന്റെ പരമാവധി പുറത്തെടുക്കാൻ പ്രേരിപ്പിക്കുക എന്നിവവഴി കളിയുടെ മൊത്തത്തിലുള്ള നിലവാരം ഉയർത്താൻ കഴിയുന്നു.

ഗ്രാസ്റൂട്ട് തലത്തിൽ 8 മുതൽ 12 വയസ്സ് വരെയുള്ള കുട്ടികളുടെ കായികാഭിരുചി (Aptitude) ശാസ്ത്രീയമായി നിർണ്ണയിക്കുന്നതിന് ഒരു സമഗ്രസംവിധാനം രൂപീകരിക്കേണ്ടതുണ്ട്. വ്യക്തിഗത മികവിനും ടീം വർക്കിനും സാധ്യതയുള്ള അത്ലറ്റിക്സ്, ഫുട്ബോൾ, നീന്തൽ, ബോക്സിംഗ്, ജൂഡോ തുടങ്ങിയ കായികയിനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. പ്രാദേശിക പ്രതിഭകളെ വളർത്തുന്നതിനായി മികച്ച പരിശീലകരെ ഇവിടെ നിയമിക്കണം. സ്കൂൾ കായികമേളകളെ ഒളിമ്പിക്സ് മാതൃകയിലുള്ള അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തണം. മത്സരങ്ങളുടെ സംഘാടനം, സമയനിഷ്ഠ, വിധികർത്താക്കളുടെ നിലവാരം, ഫലപ്രഖ്യാപനം എന്നിവ ലോകോത്തര നിലവാരത്തിലാക്കണം. ഓരോ റീജിയണൽ അക്കാദമിയും അതാത് കായികയിനങ്ങൾക്ക് വേണ്ട അന്താരാഷ്ട്രനിലവാരമുള്ള പരിശീലന ഗ്രൗണ്ടുകൾ, ജിംനേഷ്യങ്ങൾ, കായിക ശാസ്ത്രലാബുകൾ എന്നിവയോട് കൂടിയതായിരിക്കണം. ദേശീയ - അന്തർദ്ദേശീയ കായിക മത്സരങ്ങൾക്ക് സ്ഥിരമായി ആതിഥേയത്വം വഹിക്കുന്നതിന് ഒരു ദീർഘകാല ആസൂത്രണ രേഖ (Long-term Strategic Plan) രൂപീകരിക്കണം. അന്താരാഷ്ട്ര മത്സരങ്ങൾ സംസ്ഥാനത്തിന് ഗണ്യമായ സാമ്പത്തിക നേട്ടവും ടൂറിസം പ്രോത്സാഹനവും നൽകും. അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ട പരിശീലകരുടെ സേവനം ഉറപ്പാക്കുന്നതിലൂടെ, നമ്മുടെ താരങ്ങളെ ആഗോള നിലവാരത്തിലേക്ക് ഉയർത്താൻ സാധിക്കും. ഇതിനോടൊപ്പം, 'കായികതാരങ്ങളെ ദത്തെടുക്കൽ' (Athlete Adoption/Sponsorship) എന്ന നൂതനമായ ആശയം പ്രാവർത്തികമാക്കണം. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ കോർപ്പറേറ്റുകൾ എന്നിവയുടെ പങ്കാളിത്തത്തോടെ ഒരു 'സ്പോൺസർഷിപ്പ് പൂൾ' രൂപീകരിക്കണം.

മെച്ചപ്പെട്ട സജ്ജീകരണങ്ങളും പരിശീലകരുമുള്ള സംഘടിത പ്ലാറ്റ്ഫോമുകളിൽ, കളിക്കാർക്ക് അവരുടെ കഴിവുകൾ നിരന്തരം മെച്ചപ്പെടുത്താൻ സാധിക്കുന്നു. ഒരു പ്ലാറ്റ്ഫോം സംഘടിതമാകുമ്പോൾ, കൂടുതൽ കളിക്കാർക്ക് പ്രൊഫഷണൽ കരിയർ തിരഞ്ഞെടുക്കാൻ അവസരം ലഭിക്കുന്നു.

സ്ഥിരമായ മത്സരഘടനകൾ ഉള്ളപ്പോൾ, കഴിവുള്ള യുവതാരങ്ങളെ ആദ്യമേതന്നെ കണ്ടെത്താനും അവർക്ക് മികച്ചപരിശീലനം നൽകാനും എളുപ്പമാകും. സംഘടിതലീഗുകൾ കാഴ്ചക്കാർക്ക് കൂടുതൽ ആകർഷകമായതിനാൽ, കൂടുതൽ പേർ കായികയിനങ്ങളെ പിന്തുണയ്ക്കാൻ എത്തുന്നു. ശക്തമായ നിയമങ്ങളും നിയന്ത്രണങ്ങളുമുള്ള ഒരു സംഘടിത പ്ലാറ്റ്ഫോം കായികതാരങ്ങൾക്കിടയിൽ അച്ചടക്കവും മാന്യമായ കായികമനോഭാവവും വളർത്താൻ ഉപകരിക്കും.

ഇവിടെ പ്രതിപാദിച്ച സെമിനാറുകളിലൂടെ ഒളിമ്പിക്സ് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര കായികമത്സരങ്ങളിൽ മികവുപുലർത്താനുള്ള കേരളത്തിന്റെ നിരന്തരമായ പരിശ്രമത്തിന്റെ ആവശ്യകത വിഷൻ 2031 ഊന്നിപ്പറയാൻ ഉദ്ദേശിക്കുന്നു. കേരളമെന്ന നമ്മുടെ സംസ്ഥാനത്തെ അന്താരാഷ്ട്ര കായിക ഭൂപടത്തിൽ സ്ഥിരതയോടെ അടയാളപ്പെടുത്തുന്നതിനോടൊപ്പം, കായിക മേഖലയെ മാതൃകാപരവും ഉത്തരവാദിത്തമുള്ളതുമായ ഒരു സംവിധാനമാക്കിമാറ്റുക എന്നതുമാണ് ഈ സെമിനാറുകളിലൂടെ ലക്ഷ്യമിടുന്നത്. ഈ ചർച്ചാരേഖ ഭാവികേരളത്തിന്റെ കായികഅടിത്തറ വിപുലപ്പെടുത്തുവാൻ സഹായകമാകുന്ന ഒരു കരട് രേഖയാണ്. ഇത് എല്ലാ അംഗങ്ങളുടെയും സമഗ്രമായ ചർച്ചയ്ക്കും വിശകലനത്തിനും വിലയിരുത്തലിനുംവേണ്ടി സമർപ്പിക്കുന്നു.

## ചർച്ചയിൽനിന്നും ഉരുത്തിരിഞ്ഞു വന്ന ആശയങ്ങൾ

വിഷൻ 2031 ന്റെ പ്രധാന ആകർഷണീയങ്ങളായ സെമിനാറുകറുകളിൽനിന്നും കായികമേഖലയുമായി ബന്ധപ്പെട്ട വിവിധവിഷയങ്ങളെ ഉദ്ധരിച്ച് രണ്ട് സെഷനുകൾ വീതമായി മൂന്നു വേദികളിൽ സംഘടിപ്പിച്ച സമാന്തരസെമിനാറുകളിൽനിന്നും ഉരുത്തിരിഞ്ഞുവന്ന പ്രധാന ആശയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

- എല്ലാ സ്കൂളിലും കളിസ്ഥലം എന്ന ആശയം നടപ്പിലാക്കണം,
- സ്കൂൾ ഗ്രൗണ്ടിലെ പാർക്കിങ്ങും മറ്റ് അനുബന്ധനിർമ്മിതികളും ഒഴിവാക്കണം
- കുട്ടികൾക്ക് കളിക്കാൻ ആവശ്യമായ സമയംകൊടുക്കണം
- ഓരോ പഞ്ചായത്തിലും ഓരോ കളിസ്ഥലം നിർമ്മിക്കുന്നത് അനുയോജ്യമായ സ്ഥലത്തായിരിക്കണം (ചതുപ്പുകൾ, വയലുകൾ, ചരിവുള്ള പ്രദേശങ്ങൾ എന്നിവ ഒഴിവാക്കണം)
- എല്ലാ കളിസ്ഥലങ്ങളിലും അടിസ്ഥാനസൗകര്യം ഉറപ്പാക്കണം,
- കളിക്കള നിർമ്മാണസമയത്ത് ആവശ്യമായ ഗ്യാലറികൾ ഉൾപ്പെടുത്തണം,
- കളിസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുവാൻ കളിക്കാർക്കും ശുചീകരണ തൊഴിലാളികൾക്കും കൃത്യമായി ഗൈഡ് ലൈൻസ് നിർമ്മിച്ചുനൽകണം,
- എല്ലാ കളിസ്ഥലങ്ങൾക്കും ഗ്രേഡ് നിശ്ചയിക്കണം. ഒരേ ഗ്രഡിലുള്ള കളിസ്ഥലങ്ങൾക്ക് ഒരേവാടക നിർണ്ണയിക്കണം
- സ്പോർട്സ് ഹോസ്റ്റലുകളുടെ കുറവുനികത്തണം,
- ഡോർമെറ്ററികൾ ഒഴിവാക്കി മുറികൾ സജ്ജീകരിക്കണം
- കളിസ്ഥലങ്ങളിൽ പുനഃരുപയോഗിക്കാനാകുന്ന ഊർജ്ജസംവിധാനങ്ങൾ ഏർപ്പെടുത്തണം
- കളിക്കാരുടെ ഡാറ്റാബേസ് ഉണ്ടാക്കി കൃത്യമായി അപ്ഡേറ്റ് ചെയ്യണം
- അശാസ്ത്രീയമായ നിർമ്മിക്കുന്ന ടർഫുകൾ അപകടം സൃഷ്ടിക്കുന്നതിനാൽ അവയുടെ നിർമ്മാണത്തിൽ നിയമനിർമ്മാണം നടത്തുകയും അത് പരിശോധിച്ച് റേറ്റിംഗ്സംവിധാനം നടപ്പിലാക്കുകയും വേണം

- കളിസ്ഥല നിർമ്മാണസമയത്ത് വിദഗ്ധരുമായി ചർച്ചനടത്തിയതിനുശേഷം മാത്രമേ അന്തിമ തീരുമാനം നടപ്പിലാക്കാവൂ
- ജിം, റസലിംഗ് സെന്റർ, മറ്റ് കായിക പരിശീലനകേന്ദ്രങ്ങൾ എന്നിവ നിർമിക്കുമ്പോൾ കൃത്യമായ ഗൈഡ് ലൈൻസ് പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തണം.
- കായികഭരണത്തിൽ സർക്കാരിന്റെ പങ്ക് വളരെ കുറവാണെന്നും അത്തരം കാര്യത്തിൽ ഫെഡറേഷൻ, അസോസിയേഷൻ എന്നിവരുടെ ഇടപെടലാണ് കൂടുതൽ. ആയതിനാൽ സ്പോർട്സ് അസോസിയേഷൻ, ഫെഡറേഷൻ എന്നിവരുമായി സർക്കാർ യോജിച്ചു പ്രവർത്തിക്കണം. അസോസിയേഷന്റെ തലപ്പത്ത് കായികരംഗവുമായി ബന്ധമില്ലാത്ത ആൾക്കാർ വരുന്നതിനാൽ ബലിയാടാകുന്നത് കളിക്കാരുടെ ഭാവിയാണ്
- വോളിബോൾ അസോസിയേഷനും സ്പോർട്സ് കൗൺസിലും തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കണം.
- ക്രിക്കറ്റ്, ഫുട്ബോൾ തുടങ്ങിയ മാർക്കറ്റിംഗ് ഉള്ള ഇനങ്ങൾക്ക് നൽകുന്ന അതേ പരിഗണന അത്‌ലറ്റിക്സിനും നൽകണം
- ടാലന്റ് സ്പോർട്ടിംഗ് നടക്കുന്നത് സ്കൂൾതലത്തിലാണ്. പെൺകുട്ടികൾക്ക് അതിനുശേഷം അവസരം ലഭിക്കുന്നില്ല. ഇതിന് പരിഹാരം കാണണം
- സ്കൂളുകൾ, സർവകലാശാലകൾ എന്നിവ സംയോജിച്ച് പ്രവർത്തിക്കണം.
- കുട്ടികളിൽ കായികമത്സരങ്ങൾക്ക് അഭിരുചി വളർത്തുവാൻ ഗ്രാസ് ലെവൽ തൊട്ട് തുടങ്ങണം. ഇതിനായി സ്പോർട്സ് കൗൺസിൽ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, വിവിധ അസോസിയേഷനുകൾ എന്നിവ ഒരുമിച്ച് പ്രവർത്തിക്കണം.
- സംസ്ഥാനത്തിലുടനീളം ഒളിമ്പിക്സ് പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കണം.
- 13 തൊട്ട് 17 വയസ്സ് വരെയുള്ള കുട്ടികളുടെ കായികപരമായ കഴിവ് കൂടുതലായതിനാൽ അത്തരം കുട്ടികളെ കണ്ടെത്തി മെച്ചപ്പെട്ട പരിശീലനംനൽകണം.
- ഇൻക്ലൂസീവ് സ്പോർട്സ് ജനകീയമാക്കണം. അതിനുവേണ്ട അടിസ്ഥാനസൗകര്യം ഒരുക്കണം.
- ജൻഡർ ഡിസ്പാരിറ്റി, എക്കണോമിക് ഡിസ്പാരിറ്റി എന്നിവ ഒഴിവാക്കണം.
- അസോസിയേഷനിലും സ്പോർട്സ് സ്കൂളുകളിലുമുള്ള വിദ്യാർത്ഥികളെ അവർക്ക് താല്പര്യമില്ലെങ്കിലോ അവർക്ക് പെർഫോം ചെയ്യാൻ സാധിക്കുന്നില്ലെങ്കിലോ അവരെ സമയബന്ധിതമായി ഒഴിവാക്കണം
- കഴിവുള്ളതും കഠിനാധ്വാനം ചെയ്യാൻ തയ്യാറായിട്ടുള്ള കുട്ടികളെ കണ്ടെത്തി പ്രമോട്ട് ചെയ്യുകയും അവർക്ക് മികച്ച പരിശീലനം നൽകുകയുംവേണം
- എല്ലാ സ്പോർട്സ് സ്കൂളിലും നടത്തുന്ന സെലക്ഷൻ മാനദണ്ഡങ്ങൾ സുതാര്യമാക്കുകയും ഒരു നിയമാവലി അതിനുവേണ്ടി ഒരുക്കുകയുംവേണം.
- എച്ച് എസ് എസ് തലത്തിൽ കായികവിദ്യാഭ്യാസം ഉൾപ്പെടുത്തുകയും മതിയായ അധ്യാപകരെയും കോച്ചുകളെയും നിയമിക്കുകയും വേണം.
- 12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് കായികപരിശീലനത്തിനും മത്സരത്തിനും അവസരം ഒരുക്കണം
- കായികവകുപ്പും പൊതു വിദ്യാഭ്യാസവകുപ്പും യോജിച്ച് പ്രവർത്തിക്കണം
- സ്പോർട്സ് നേഴ്സറികളായി ഓരോ സ്കൂളുകളെയും മാറ്റണം
- മെഡിക്കൽ എൻജിനീയറിങ് മേഖലകളിലുള്ളതുപോലെ സ്പോർട്സ് മേഖലകളിലേക്കും കുട്ടികളെ എത്തിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്
- കായികമേഖല അടിസ്ഥാന സൗകര്യവികസനത്തിൽ കായികതാരങ്ങളുടെ സൗകര്യത്തിനനു

സരിച്ചുള്ള ആവശ്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണ് (ഉദാഹരണം : washroom, changing room, fencing )

- മ്യൂസിക് തുടങ്ങിയ മേഖലകളിൽ ലഭിക്കുന്നതുപോലെയുള്ള അവസരങ്ങൾ കായികതാരങ്ങൾക്കും സ്പോർട്സ് മേഖലകളിലും ലഭ്യമാക്കിയാൽ സ്പോർട്സ് മേഖലയോടുള്ള അഭിനിവേശം വർദ്ധിക്കും
- നേട്ടങ്ങൾക്കുള്ള ബഹുമതികൾ കാലതാമസംകൂടാതെ നൽകേണ്ടതാണ്
- കായികാധ്യാപകരെ പാർശ്വവൽക്കരിക്കാതെ സമഗ്രമേഖലകളിലും ഇടപെടാനുള്ള കരിക്കുലം വികസിപ്പിച്ചെടുക്കണം
- ആരോഗ്യവും സംസ്കാരവും പരസ്പരപൂരകങ്ങളാണ്
- ഇന്ത്യയിൽ തന്നെ ആദ്യമായി വന്ന കേരള കായികനയത്തിൽ 3 മേഖലകൾക്ക് പ്രാധാന്യം നൽകുന്നു (Sports for all, health for all , Sports economy, Public - private investment )
- കായികവിദ്യാഭ്യാസം, കായികസാക്ഷരത, കായികക്ഷമത എന്നിവയ്ക്ക് വലിയ പ്രാധാന്യം നൽകേണ്ടതുണ്ട്
- പ്രത്യേക പരിശീലനം പരിശീലകർക്കും താരങ്ങൾക്കും നൽകണം
- എല്ലാവരെയും പരിഗണിച്ചു കൊണ്ടുള്ള കായികമേഖലാ പ്രവർത്തനത്തിന് പ്രാധാന്യം നൽകേണ്ടതുണ്ട്
- പഞ്ചായത്ത് Sports Council എല്ലാ പഞ്ചായത്തുകളിലും രൂപീകരിക്കണം
- ബജറ്റിലുള്ള പദ്ധതി വിപുലീകരിക്കാനാകണം
- കായിക മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ സംഭരിക്കുന്നതിലൂടെ പൊതുജനാരോഗ്യം വർദ്ധിക്കുകയും അതിലൂടെ നല്ലൊരു മികച്ച ഭാവി തലമുറയെ വാർത്തെടുക്കാൻ സാധിക്കുകയും ചെയ്യും
- ഗ്രാസ് റൂട്ട് തലത്തിൽ സ്പോർട്സ് നടപ്പാക്കാൻ കഴിയണം
- കായികസാക്ഷരത എന്നത് കായികപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ളവരെ അംഗീകരിക്കാനും അവരെ തിരിച്ചറിയാനുമുള്ള മനസുണ്ടാവുക എന്നതുമാണ്
- പ്രതിഭാനിർണ്ണയ സംവിധാനം തുലോം കുറവാണ്, അതുകൊണ്ടുതന്നെ ജനകീയ കായികനയത്തിന് വലിയ പ്രാധാന്യമുണ്ട്
- ദൈനംദിന ജീവിതശൈലീവികസനത്തിന് സ്കൂളിലെ കായികവിദ്യാഭ്യാസത്തിൽ അടിസ്ഥാനചലനങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്, അതിനാൽ അടിസ്ഥാനചലനരീതികൾ സ്കൂൾ പാഠ്യപദ്ധതിയിൽ പരിശീലിപ്പിക്കണം
- കായികശേഷി വികസനത്തിനുതകുന്ന വിവിധ പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്
- ലഭ്യമായ വിദഗ്ധരെ ഉപയോഗിച്ചു കൊണ്ട് ഫിസിക്കൽ ഫിറ്റ്നസ് പ്രാരംഭകാലം മുതലേ നടപ്പിലാക്കേണ്ടതാണ്
- കേരള വിദ്യാഭ്യാസ വകുപ്പ് വിദ്യാർത്ഥികൾക്കായി പ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി തലം വരെ പ്രത്യേക കരിക്കുലം തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ സ്പോർട്സ് സ്കൂളുകൾക്കും പ്രത്യേക കരിക്കുലം പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്.
- കൂടുതൽ മെഡലുകൾ നേടുക എന്നതിലുപരി ആത്മവിശ്വാസം വളർത്തിയെടുക്കുന്ന രീതിയിൽ സ്പോർട്സ് പാരന്റിങ് മാറേണ്ടതുണ്ട്.
- കായിക ആശങ്കകൾ പരിഹരിക്കുന്നതിനായുള്ള ബദൽമാതൃക സമഗ്ര 3.0 പദ്ധതിയിലൂടെ നടപ്പാക്കേണ്ടതാണ്
- ദേശീയ കായികമേഖലയെ അടിസ്ഥാനപ്പെടുത്തി കായികവിദ്യാഭ്യാസവും ആരോഗ്യവിദ്യാഭ്യാസ

വും തമ്മിലുള്ള അന്തരം മാറ്റിവെച്ചുകൊണ്ട് 2040 ആകുമ്പോഴേക്കും ഏതെല്ലാം രീതിയിൽ എന്ത് പഠിപ്പിക്കണം എന്നുള്ള **ടെക്നോ ഹിറ്റഗോജിക്കൽ സമീപനം** നടപ്പാക്കാനാവണം

- സ്പോർട്സ് സയൻസ് മറ്റ് വിഷയങ്ങളുടേതുപോലെയുള്ള ഒരു ശാസ്ത്രവിഭാഗമാണെന്ന തിരിച്ചറിവ് പൊതുസമൂഹത്തിൽ വളർത്തിയെടുക്കേണ്ടതുണ്ട്
- ശക്തമായ കായിക അടിത്തറയിലൂടെ മാത്രമേ ശരിയായ രീതിയിൽ മനുഷ്യവിഭവ ശേഷീവികസനം പ്രാപിക്കുകയുള്ളൂ
- സ്പോർട്സ് സയന്റിസ്റ്റുകൾ, കോച്ചുകൾ എന്നിവരുടെ ഒരുമിച്ചുള്ള പ്രവർത്തനം അന്താരാഷ്ട്ര മികവിലേക്ക് എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് വർത്തിക്കേണ്ടത്.
- മനുഷ്യ വിഭവശേഷി വികസനത്തിനായി പ്രധാനമായും അഞ്ച് മേഖലകൾ കണക്കിലാക്കപ്പെടേണ്ടതുണ്ട്. അവ;
  - ആരാണ് ശേഷികൾ കൈവരിക്കേണ്ടത്
  - ശേഷി വികാസനത്തിനായി നമുക്ക് എന്തെല്ലാം ചെയ്യാനാകും
  - എന്തിനാണ് ശേഷി വികസനം സാധ്യമാകേണ്ടത്
  - എങ്ങനെയാണ് ശേഷി വികാസനം സാധ്യമാക്കേണ്ടത്
  - തുടർച്ചയായുള്ള മോണിറ്ററിംഗ് സംവിധാനങ്ങളിലൂടെയുള്ള നിരീക്ഷണം
- പ്രകടനങ്ങൾക്കും മെഡൽ നേട്ടങ്ങൾക്കുമായുള്ള പരിശീലനങ്ങൾ ഉൾക്കൊള്ളിച്ചുള്ള പരിശീലനപദ്ധതികൾ, ശാരീരികക്ഷമത, ശാരീരിക - മാനസിക സുസ്ഥിരവികസനം, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയും കായികാധ്യാപകർ, കായിക വിദഗ്ധർ, കായികപരിശീലകർ, കായികശാസ്ത്രജ്ഞർ എന്നിവരുൾക്കൊള്ളുന്ന അക്കാദമിക പാനലുകളുടെ രൂപീകരണവും ഏകോപിച്ചുള്ള പ്രവർത്തനങ്ങളും അടിസ്ഥാനശേഷി വികസനത്തിന്റെ പ്രധാന ഘടകങ്ങളാണ്.
- 2031 കാലഘട്ടത്തിൽ കായികമേഖലയിൽ സമൂലമായ മാറ്റങ്ങൾ നടപ്പിലാകും
- ഗുണമേന്മയുള്ള കായികതാരങ്ങളെ കണ്ടെത്തുന്നതിന് ആവശ്യമായ നിരവധി പരിശോധനകൾക്ക് ശേഷമായിരിക്കണം കായികതാരങ്ങളെ തിരഞ്ഞെടുക്കേണ്ടത്. അതിലേക്കാവശ്യമായ പരിശോധനാസംവിധാനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.
- ടെക്നോപാർക്കുകളുമായി സഹകരിച്ചുകൊണ്ട് അതാത് ജില്ലകളിലെ ഗുണമേന്മയുള്ള കായികതാരങ്ങളുടെ ഡാറ്റാബേസ് നിർമ്മിക്കുവാനും അവയെ വിപുലീകരിക്കാനും സാധിക്കണം.
- ഒരു കായികതാരത്തിന്റെ വിജയം അവന്റെമാത്രം വിജയമല്ല, പരിശീലകന്റെയും കൂടെയാണ്. വർഷങ്ങളുടെ കഠിനമായ പരിശീലനത്തിലൂടെ നേടിയെടുക്കുന്ന നേട്ടങ്ങൾ പരിശീലന സമയത്ത് പരിശീലകരുടെയും കായികതാരത്തിന്റെയും മാനസികനിലയേയും ആശ്രയിച്ചിരിക്കുന്നു. ഇതിനായി കായിക മനശാസ്ത്രജ്ഞരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പാനൽ നിർമ്മിക്കേണ്ടതുണ്ട്.
- വിഷയ അധ്യാപകരെപോലെ ഓരോ കായികയിനത്തിലും കായികപരിശീലകരുടെ ലഭ്യത ഉറപ്പാക്കണം
- കായികഭരണസംവിധാനത്തിന് ആവശ്യമായ പഠനങ്ങളും പരിശീലനപദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ട്
- കായികപരിശീലകരുടെ കാര്യക്ഷമത നിർണ്ണയം യഥാസമയങ്ങളിൽ ഉറപ്പാക്കണം
- കായികപരിശീലകർക്ക് ആവശ്യമായ ഓറിയന്റേഷൻ പ്രോഗ്രാമുകൾ സമയബന്ധിതമായി നടപ്പിലാക്കണം

- അടിസ്ഥാന കായികവികസനത്തിന് കായിക നൈപുണി പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കണം
- ഓരോ ജില്ലയിലും കുറഞ്ഞത് ഒരു സ്പോർട്സ് സ്കൂളെങ്കിലും സ്ഥാപിക്കണം
- സ്പോർട്സ് സ്കൂളുകളിലേക്കുള്ള പ്രവേശനരീതികൾ ഏകീകരിക്കണം
- സ്പോർട്സ് സ്കൂളുകളുടെ ഭരണസംവിധാനം കൃത്യമായ നിയമാവലികളിൽ അധിഷ്ഠിതമായിരിക്കണം
- സ്പോർട്സ് സ്കൂളിലെ പരിശീലനപദ്ധതികൾ സംസ്ഥാനതലങ്ങളിലേക്ക് ഒതുങ്ങാതെ രാഷ്ട്ര തലത്തിലേക്കും അന്താരാഷ്ട്ര തലത്തിലേക്കും അനുയോജ്യമായ രീതിയിൽ വളർത്തിയെടുക്കണം
- പരിശീലനത്തിൽനിന്ന് വിട്ടുപോവുകയോ മറ്റെന്തെങ്കിലും കാരണത്താൽ പരിശീലനം അവസാനിപ്പിക്കേണ്ടതായി വരികയോ ചെയ്യുന്ന കായികതാരങ്ങൾക്ക് റിക്കവറി പ്രോഗ്രാമുകൾ വഴി തിരിച്ച് വീണ്ടും കായിരംഗത്തേക്കുവരാനും മടങ്ങി വരാനാകാത്തവർക്ക് പുനരധിവാസ പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ടതുണ്ട്
- കായിക ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനം ഉറപ്പാക്കണം
- കായികമേഖലയുമായി ബന്ധപ്പെട്ട് ധാരാളം വ്യവസായങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. മലപ്പുറത്ത് ഫുട്ബോളിനും, തൃശ്ശൂരിൽ വോളിബോളിനും, ആലപ്പുഴയിൽ ജലകായിക ഇനങ്ങൾക്കും, മൂന്നാറിലും വയനാട്ടിലും അഡ്വഞ്ചർ സ്പോർട്സിനും പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്.
- വിവിധ തലങ്ങളിലുള്ള കായികപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. സ്പോർട്സ് ഇക്കണോമിയെ സമഗ്രമായി പരിഗണിക്കേണ്ടതുണ്ടെന്നും കായികമേഖലയിൽ ഇൻഫ്രാസ്ടക്ചറിനും ഇന്നവേഷനുമാണ് പ്രധാന്യം നൽകേണ്ടതാണ്.
- സ്പോർട്സ് കോംപ്ലക്സുകൾക്കായി അനുയോജ്യമായ ഭൂമിയിടങ്ങൾ കണ്ടെത്തുന്നതിൽ ഗവൺമെന്റിന്റെ പിന്തുണ അനിവാര്യമാണ്. ഇതോടൊപ്പം, ടാലന്റ് ഡെവലപ്മെന്റ്, ഗ്രാസ്റൂട്ട് ലെവലിൽത്തന്നെ പ്രത്യേകിച്ച് സ്കൂളുകളിൽ നിന്നുതന്നെ ആരംഭിക്കേണ്ടതുണ്ട്.
- സ്പോർട്സ് ഉപകരണങ്ങളുടെ നിർമ്മാണം പ്രാദേശിക തലത്തിൽ സ്വകാര്യ മേഖലയിലും പൊതുമേഖലയിലും നിലനിൽക്കേണ്ടതാണ്.
- കേരളത്തിലെ വള്ളംകളി, സ്പോർട്സ് സാംസ്കാരിക സമന്വയത്തിന് വഴിയൊരുക്കുന്ന ഒരു വേദിയാണെന്നതിന് ഒരു മികച്ച ഉദാഹരണമാണ്.
- ടെന്നീസിന് കേരളത്തിൽ ആദ്യം വലിയ പ്രാധാന്യം ലഭിച്ചിരുന്നില്ലെങ്കിലും, ടെന്നിസ് ബോളിന്റെ സുലഭമായ ലഭ്യതയും സോഷ്യൽ മീഡിയയും മൾട്ടിമീഡിയ പ്ലാറ്റ്ഫോമുകൾ ഒരുക്കിയ പ്രചാരണത്തെയും തുടർന്ന് വ്യാപകമായ അംഗീകാരം ലഭിച്ചു
- സ്പോർട്സ് ഉപകരണങ്ങൾ നിർമിക്കാൻ ആവശ്യമായ മൂലവസ്തുക്കൾ കേരളത്തിൽ സുലഭമായിട്ടുള്ളതിനാൽ, ഈ മേഖലയിൽ ഉൽപാദക സംരംഭങ്ങൾ കൂടുതലായി വളരേണ്ടതുണ്ട്. പ്രാദേശികമായി പൊതുമേഖലയുടെയും സ്വകാര്യമേഖലയുടെയും സംയുക്ത സംരംഭങ്ങളായും കായിക ഉപകരണനിർമ്മാണരംഗത്ത് കൂടുതൽ സ്ഥാപനങ്ങൾ രൂപപ്പെടണം.
- യുവതലമുറയ്ക്ക് ആവശ്യമായ പരിശീലനംനൽകിയാൽ ഇത്തരത്തിലുള്ള സംരംഭങ്ങളെ ശക്തിപ്പെടുത്താൻ കഴിയുകയും ഇതിലൂടെ തൊഴിൽ അവസരങ്ങളും സാമ്പത്തികവളർച്ചയും ഒരുപോലെ ഉറപ്പാക്കപ്പെടും
- മുൻകാലത്ത് ഒരു സ്പോർട്സ് ഇഞ്ചുറിക്ക് ശേഷം കായികരംഗത്തേക്ക് മടങ്ങിവരുന്നത് വളരെ പ്രയാസകരമായിരുന്നെങ്കിലും, ഇന്ന് അപകടസാധ്യത കുറയ്ക്കുന്ന നിരവധി ഉപകരണങ്ങൾ ലഭ്യമാണ്.

- ഇന്നത്തെ സാഹചര്യത്തിൽ സുരക്ഷാ ഉപകരണങ്ങൾ ലഭ്യവും വിലകുറവുമായതിനാൽ recreational sports ജനങ്ങളിലെത്തിക്കാൻ എളുപ്പവും, മികച്ച ഗുണമേന്മയുള്ളതും താങ്ങാവുന്ന വിലയിലുള്ളതുമായ കായികോപകരണങ്ങൾ ലഭ്യമാക്കാനാകും
- സ്പോർട്സ് ഏത് മേഖലയിലായാലും, ജനങ്ങൾക്കിടയിൽ കായികരംഗത്തോടുള്ള താൽപര്യം വളർത്തുന്നതാണ് ഏറ്റവും പ്രധാനപ്പെട്ടതിനുദാഹരണമാണ് ഇന്ത്യൻ സ്പോർട്സ് ജേഴ്സിയിൽ ലോഗോ നൽകുന്നതിനായി അപ്പോളോ കമ്പനി വലിയ താൽപര്യം പ്രകടിപ്പിക്കുകയും അതിനായി കോടിക്കണക്കിനു രൂപ നിക്ഷേപിക്കാൻ തയ്യാറാവുകയും ചെയ്തത്.
- സ്പോർട്സ് മേഖല വികസിച്ചു തുടങ്ങുമ്പോൾ അതിനൊപ്പം ടൂറിസം, വാണിജ്യം തുടങ്ങിയ അനുബന്ധ മേഖലകളും വളർച്ച പ്രാപിക്കും
- പുതിയ തലമുറയെ കായികരംഗത്തേക്ക് ആകർഷിക്കുന്നതിന് തുടക്കം കുറിക്കേണ്ടത് കായിക അഭിരുചിയുടെ അടിസ്ഥാനഘടകങ്ങൾ രൂപപ്പെടുന്ന പ്രൈമറി വിദ്യാഭ്യാസം മുതൽക്കാണ്.
- കായികപരിശീലനങ്ങളിലേക്കും മത്സരങ്ങളിലേക്കും കുട്ടികളെ അയയ്ക്കുന്നതിന് കായികപരിശീലനങ്ങളുടെയും മത്സരങ്ങളുടെയും സുരക്ഷിതത്വം ഉറപ്പാക്കേണ്ടതാണ്
- സുരക്ഷിതമായ പരിശീലനവാതാവരണം സൃഷ്ടിക്കുന്നതിനായി അത്യാധുനിക കായികോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കേണ്ടതുണ്ടെന്നും, ഇത്തരം ഉപകരണങ്ങൾ പ്രാദേശികമായി നിർമ്മിക്കുകയും അവയുടെ ഉപയോഗത്തെക്കുറിച്ചുള്ള പരിശീലനം നൽകുകയും ചെയ്യണം.
- ഏതു മേഖലയുടേയും പുരോഗതിക്ക് അതുമായി ബന്ധപ്പെട്ട ഗവേഷണ-വികസന പ്രവർത്തനങ്ങളാണ് അടിത്തറയാകുന്നതുപോലെ കായികമേഖലയിലും ഇത്തരം ഗവേഷണപ്രവർത്തനങ്ങൾ അനിവാര്യമാണ്
- സിന്തറ്റിക് ട്രാക്കുകൾ നിർമിക്കുമ്പോൾ നിർമാണത്തിനും പരിപാലനത്തിനും അനുയോജ്യമായ നയങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്
- കേരളം പോലുള്ള സ്ഥലപരിമിതിയുള്ള സംസ്ഥാനത്ത് നിർമ്മിക്കുന്ന ട്രാക്കുകൾ മൾട്ടിപർപ്പസ് ഉപയോഗത്തിലേക്കുപകരിക്കുന്ന രീതിയിൽ മാറ്റേണ്ടതുണ്ട്.
- മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കായികസൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും, ജില്ലയിലെ സിന്തറ്റിക് ട്രാക്കുകളും മറ്റ് സൌകര്യങ്ങളും അതാത് ജില്ലയിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുകൂടി ഉപയോഗിക്കത്തക്ക രീതിയിൽ ക്രമീകരിക്കേണ്ടതാണ്.
- സ്ഥാപനസൗകര്യങ്ങൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുമ്പോൾ പ്രാദേശിക സമിതികൾക്കോ പഞ്ചായത്ത് തല സമിതികൾക്കോ അവയുടെ സുരക്ഷയും പരിപാലനവും സംബന്ധിച്ച ചുമതല നൽകുന്ന ജനകീയാസൂത്രണ മാതൃക അനുവർത്തിക്കേണ്ടതാണ്.
- ഒരു സ്പോർട്സ് ഇക്കണോമിയിൽ മൂന്ന് പ്രധാന ഘടകങ്ങൾ അനിവാര്യമാണെന്ന് ചൂണ്ടിക്കാട്ടുന്നു; കായികപ്രദർശനം കാണാൻ എത്തുന്നവർ, സ്പോർട്സ് പ്രവർത്തനങ്ങൾ ഉപയോഗിക്കാൻ വരുന്ന ഉപഭോക്താക്കൾ, സ്പോർട്സ് ടൂറിസം എന്നിവയാണവ.
- പ്രത്യേക സ്ഥലങ്ങളിൽ പ്രത്യേക കാലങ്ങളിൽ നടക്കുന്ന കായികപരിപാടികൾ ടൂറിസത്തിന്റെ വളർച്ചയ്ക്കും അനുബന്ധമേഖലയുടെയും വികസനത്തിനും സഹായകരമാണ്.
- പരിശീലനകേന്ദ്രങ്ങൾ എല്ലാ കായികപ്രേമികൾക്കും ഏത് സമയത്തും ഉപയോഗിക്കാനാകുന്ന രീതിയിൽ ക്രമീകരിക്കണം.
- കായിക ഉപഭോക്താവിന്റെ സംതൃപ്തിയും, പരിശീലനത്തിന്റെ ഗുണമേന്മയും, പരിശീലകരുടെ കഴിവും പ്രധാനമായി വിലയിരുത്തേണ്ട ഘടകങ്ങളാണ്.
- കേരളത്തിൽ അഞ്ഞൂറിലധികം ഫുട്ബോൾ അക്കാദമികൾ നിലവിലുള്ളതുപോലെ, മറ്റു കായികയിനങ്ങൾക്കും സമാനമായ കായികഅക്കാദമികൾ ആരംഭിക്കേണ്ടതുണ്ട്

- നിലവിൽ ചില കായികഇനങ്ങൾക്കു മാത്രമാണ് മതിയായ മാധ്യമ ശ്രദ്ധലഭിക്കുന്നത്; അത്ലറ്റിക്സ് ഉൾപ്പെടെ എല്ലാ കായികഇനങ്ങൾക്കും മീഡിയാ കവറേജ് ലഭിക്കണം
- പുതുതലമുറയെ കായികരംഗത്തേക്ക് കൊണ്ടുവരുന്നതിന് ഗ്രാമകേന്ദ്രിതമായ പരിശീലനത്തിനും അടിസ്ഥാനനിലയിലെ പങ്കാളിത്തത്തിനും മുൻഗണന നൽകണം
- കേരളത്തിലെ വിവിധ ഭൗമപരിസ്ഥിതികളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ ശാരീരികശേഷിയെ വിലയിരുത്തി അത്ലറ്റിക്സ് മേഖലയ്ക്ക് കൂടുതൽ പ്രാധാന്യംനൽകുന്ന തരത്തിൽ പ്രദേശനിഷ്ഠമായ പരിശീലനസംവിധാനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്.
- കനേഡിയൻ മാതൃകയായ ലോങ്ങ് ടേം അത്ലറ്റിക് ഡെവലപ്മെന്റ് (LTAD) പ്രകാരം 9 ഘട്ടങ്ങളിലായി കായികവികസനം നടപ്പാക്കുന്നുണ്ടെങ്കിലും കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഇത് 4 അല്ലെങ്കിൽ 5 ഘട്ടങ്ങളായി നടപ്പിലാക്കേണ്ടതാണ്
- ചെറിയ കുട്ടികളിലെ കായിക പ്രതിഭാനിർണയവും കിഡ്സ് അത്ലറ്റിക്സ് ഉൾപ്പെടെയുള്ള അടിസ്ഥാനപരമായ പരിശീലനവും ആറ് വയസ് മുതൽ ആരംഭിക്കണം
- ആറുവയസ്സിൽ തന്നെ സാങ്കേതിക ടാലന്റ് കണ്ടെത്തൽ ബുദ്ധിമുട്ടുള്ളതിനാൽ, ഈ പ്രായത്തിൽ കളിരീതിയിലധിഷ്ഠിതമായ ഗെയിമിംഗ് സ്പോർട്സ് രീതിയിലൂടെയാണ് പരിശീലനം നൽകേണ്ടത്.
- കായിക അസോസിയേഷനുകൾ എല്ലാ കായികയിനങ്ങൾക്കും കിഡ്സ് പ്രോഗ്രാമുകൾ ആരംഭിക്കണം (കിഡ്സ് വോളിബോൾ, ബാസ്ക്കറ്റ്ബോൾ, ഹാൻഡ്ബോൾ തുടങ്ങിയവ). ഇവയിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾ പ്രായത്തിന് അനുയോജ്യമായി ലഘൂകരിച്ച രൂപത്തിലായിരിക്കണം.
- അണ്ടർ–12 , അണ്ടർ–14 വിഭാഗങ്ങളിൽ മിനി ലീഗുകൾ സംസ്ഥാനതലത്തിൽ സംഘടിപ്പിക്കണം.
- ജില്ല, സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ മികവുതെളിയിച്ച കായികതാരങ്ങൾക്ക് അർഹമായ പരിഗണനകൾ നൽകേണ്ടതുണ്ട്.
- ഗ്രാസ് റൂട്ട് തലത്തിൽ ഗുണമേന്മയുള്ള പരിശീലനം നൽകുവാൻ സ്പോർട്സ് ഡയറക്ടറേറ്റ് അല്ലെങ്കിൽ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ക്വാളിറ്റി കോച്ചസ് എഡ്യൂക്കേഷൻ പ്രോഗ്രാമുകൾ ആരംഭിക്കണം.
- അക്കാദമിക്/റിസർച്ച് വിഭാഗങ്ങളുടെ കീഴിൽ പരിശീലനം നൽകുന്നവർക്കായി പ്രത്യേക പരിശീലനകേന്ദ്രങ്ങൾ രൂപീകരിക്കണം.
- കേരളത്തിലെ പ്രൈമറി വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളിൽ അടുത്ത മൂന്ന് വർഷത്തിനകം 10% കുട്ടികളെ ഉറപ്പായും കായികരംഗത്തേക്ക് ആകർഷിക്കേണ്ടതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. തുടർന്ന് ഈ ശതമാനം ക്രമാതീതമായി ഉയർത്തിക്കൊണ്ടു വരേണ്ടതാണ്.
- അന്തർദേശീയനിലവാരത്തിൽ ശാസ്ത്രീയരീതിയിൽ ടാലന്റ് ഐഡന്റിഫിക്കേഷൻ നടത്തി കായികാധ്യാപകർക്കും കോച്ചുകൾക്കും വിശദമായ പരിശീലനം നൽകുകയും പരിശീലന സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുകയും വേണം
- കേരളത്തിൽ ശാസ്ത്രീയസമീപനത്തിലൂടെ കണ്ടെത്തപ്പെട്ട കായികതാരങ്ങളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതിനാൽ കുട്ടികളുടെ കായിക പ്രതിഭാനിർണയം നടത്തുന്നതിന് സ്റ്റേക്ക്ഹോൾഡർമാരുടെ സജീവസഹകരണം അത്യാവശ്യമാണ്. ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി, കണ്ടെത്തുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കേണ്ടതുണ്ട്. സമഗ്രമായ ഒരു കായിക സംസ്കാരത്തിന് തുടക്കം കുറിക്കാൻ, കായികശാസ്ത്രമേഖലയിൽ നിലവിലുള്ള വിദഗ്ധരുടെ കുറവ് നികത്തി പരിശീലനം ലഭിച്ച വ്യക്തികളെ ഫലപ്രദമായി കായികമേഖലയിലേക്ക് ഉപയോഗപ്പെടുത്തണം.
- പ്രതിഭാനിർണയത്തിനായി ആശ്രയിക്കുന്ന പരമ്പരാഗതരീതികൾ ഒഴിവാക്കുകയും പകരം

പുതിയ ശാസ്ത്രീയസങ്കേതങ്ങളും ആധുനിക സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തുകയും ചെയ്യണം.

- സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങളും വിവിധ സ്പോർട്സ് അസോസിയേഷനുകളുടെ പ്രവർത്തനങ്ങളും കൂടുതൽ ക്രമബദ്ധമാക്കണം.
- കേരളത്തിലെ പഞ്ചായത്തുതലത്തിലുള്ള സ്പോർട്സ് കൗൺസിലുകൾ സജീവപ്രവർത്തകരായി മാറുകയും സ്കൂളുകളിലെ കുട്ടികളുടെ പരിശീലനം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പിന്തുണാ സംവിധാനമായി പ്രവർത്തിക്കുകയും വേണം.
- പ്രതിഭാനിർണയത്തിന്റെ പ്രാരംഭഘട്ടത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് കുട്ടികളുടെ ഫിസിക്കൽ ഫിറ്റ്നസ് ഉറപ്പാക്കുന്നതിലാണ്. ഫിസിക്കൽ ഫിറ്റ്നസ് ഉറപ്പാക്കിയതിന് ശേഷമേ പ്രതിഭാനിർണയ പ്രക്രിയ ശാസ്ത്രീയമായി ആരംഭിക്കാവൂ.